I ഇ.ബി. XV - കേരള നിയമസഭ/XII-8

പതിനഞ്ചാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നിയമസഭാ നടപടികൾ - സംഗ്രഹം

2024 ഒക്ടോബർ 15, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

**I നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ്**

മി. സ്പീക്കർ: സംസ്ഥാന സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിലെ പരാജയംമൂലം ഉണ്ടായിരിക്കുന്ന ധനപ്രതിസന്ധി കാരണം ട്രഷറി നിയന്ത്രണം ഏർപ്പെടുത്തുകയും പദ്ധതി പ്രവർത്തനങ്ങളടക്കം പ്രതിസന്ധിയിലാവുകയും ചെയ്ത ഗുരുതര സാഹചര്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് ഡോ. മാത്യു കുഴൽനാടൻ, സർവ്വശ്രീ കെ. പി. എ. മജീദ്, മോൻസ് ജോസഫ്,

അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ധനകാര്യ മേഖലയെ സംബന്ധിച്ച ഈ വിഷയം ചർച്ച ചെയ്യാവുന്നതാണ്.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ചു.)

## II ക്രമപ്രശ്നം

ക്രമപ്രകാരമല്ലാതെ സബ്മിഷൻ അനുവദിച്ചത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ഒരു സഭാ സമ്മേളനത്തിൽ ഒരേ വിഷയം സംബന്ധിച്ച് ഒന്നിലധികം സബ്മിഷനുകൾ അനുവദിക്കുന്നത് ക്രമവിരുദ്ധമാണ്.

മി. സ്പീക്കർ: ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട ഓൺലൈൻ ബുക്കിംഗ് സംബന്ധിച്ച വിഷയം വിവാദമായ പശ്ചാത്തലത്തിൽ ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കുന്നതിനുവേണ്ടിയാണ് സബ്മിഷൻ അനുവദിച്ചിട്ടുള്ളത്.

## III ശ്രദ്ധക്ഷണിക്കൽ

### (1) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

ശ്രീ. ഐ. ബി. സതീഷ്: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളും അനുബന്ധ മേഖലകളിലെ പശ്ചാത്തലസൗകര്യ വികസനവും ത്വരിതപ്പെടുത്തുന്നതിനും ഇന്റർനാഷണൽ ഷിപ് ആൻഡ് പോർട്ട് ഫെസിലിറ്റി കോഡ് അംഗീകാരം ലഭ്യമാക്കി ലോകത്തെ പ്രധാന തുറമുഖമാക്കി മാറ്റുന്നതിനും വിഴിഞ്ഞം - നാവായിക്കുളം ഔട്ടർ റിംഗ് റോഡിന് ഭൂമി വിട്ടുനൽകിയവരുടെ ആശങ്കയകറ്റുന്നതിനും പ്രസ്തുത റോഡ് നിർമ്മാണം യാഥാർത്ഥ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

തുറമുഖ-സഹകരണ ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഒന്നാംഘട്ട കമ്മീഷനിംഗ് 2024 ഡിസംബറിൽ നടത്തുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരികയാണ്. 2028 ഡിസംബറിനുമുമ്പ് തുറമുഖത്തിന്റെ വിവിധ ഘട്ടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. സാധ്യമായ വ്യാവസായിക വാണിജ്യ പ്രവർത്തനങ്ങൾ നടപ്പാക്കി തുറമുഖത്തിന്റെ സാധ്യതകൾ പൂർണ്ണമായും

പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഔട്ടർ ഏര്യാ ഗ്രോത്ത് കോറിഡോർ, ഔട്ടർ റിംഗ് റോഡ് എന്നിവയ്ക്കുള്ള പ്രാഥമികാനുമതി നൽകിക്കഴിഞ്ഞു. തുറമുഖത്തെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന അപ്രോച്ച് റോഡിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. തുറമുഖത്തെ അന്താരാഷ്ട്ര ദേശീയ റെയിൽ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന റെയിൽപ്പാതയുടെ നിർമ്മാണത്തിന് ദക്ഷിണ റെയിൽവേയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. വിഴിഞ്ഞം - നാവായിക്കുളം ഔട്ടർ റിംഗ് റോഡിന് കേന്ദ്രസഹായം നേടിയെടുക്കാനുള്ള ശ്രമങ്ങൾ നടത്തിവരികയാണ്.

## (2) റോഡുകളുടെ ശോച്യാവസ്ഥ

ശ്രീ. മോൻസ് ജോസഫ്: പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിനും കൂടുതൽ റോഡുകൾ ബി.എം. & ബി.സി. നിലവാരത്തിലേക്ക് ഉയർത്തുന്നതിനും വാട്ടർ അതോറിറ്റി-പൊതുമരാമത്ത് വകുപ്പുകളുടെ ഏകോപനത്തിലൂടെ വെട്ടിപ്പൊളിച്ച റോഡുകൾ റെസ്റ്റോർ ചെയ്യുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള 17,000 കി.മീ. റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തുകയും ശാസ്ത്രീയമായ

പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തുകയും ചെയ്തുവരുന്നു. ദീർഘകാലം നിലനിൽക്കുന്ന ഡിസൈൻഡ് റോഡുകളുടെ പ്രവൃത്തി ആരംഭിക്കുന്നതാണ്. പ്രകൃതിക്ഷോഭത്തിൽ തകർന്ന റോഡുകളെ സംബന്ധിച്ച വിഷയം ധനകാര്യ വകുപ്പുമായി ചർച്ച ചെയ്തിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനംമൂലം ഉണ്ടാകാനിടയുള്ള പ്രകൃതി ദുരന്തങ്ങൾ മുൻകൂട്ടി കണ്ട് പരിഹാരമാർഗ്ഗങ്ങൾ നിർദേശിക്കുന്നതിന് കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെ.എച്ച്.ആർ.ഐ.) ഉൾപ്പെടെയുള്ള ഗവേഷണ കേന്ദ്രങ്ങളെ ഉൾപ്പെടുത്തി ആവശ്യമായ ഇടപെടൽ നടത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ശോച്യാവസ്ഥ നിലനിൽക്കുന്ന റോഡുകൾ നവീകരിക്കാനാവശ്യമായ ഇടപെടൽ നടത്തുന്നതാണ്. ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് ചർച്ച ചെയ്ത് പരിഹാരം കാണാവുന്നതാണ്.

## IV സബ്മിഷൻ

### (1) സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷൻ പുന:സംഘടന

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): പോലീസ് വകുപ്പിലെ ക്രിമിനൽവൽക്കരണവും അതിക്രമങ്ങളും വർഗ്ഗീയ ശക്തികളുടെ സ്വാധീനവും സംബന്ധിച്ച് ആശങ്ക നിലനിൽക്കുന്നതിനാൽ പോലീസിന്റെ

പ്രവർത്തനങ്ങളെ ഫലപ്രദമായി വിലയിരുത്തുവാനും തിരുത്തുവാനും കഴിയുന്ന സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷൻ പുന:സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കേരള പോലീസ് ആക്ട് പ്രകാരം രൂപീകരിച്ചിട്ടുള്ള സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷന്റെ കാലാവധി അവസാനിച്ചിരിക്കുന്നതിനാൽ പുന:സംഘടിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

(2) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട ഓൺലൈൻ ബുക്കിംഗ്

ശ്രീ. വി ജോയി: ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട ഓൺലൈൻ ബുക്കിംഗ് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാടനം സുഗമമാക്കുന്നതിനായി മുഖ്യമന്ത്രിയുടെ അധ്യക്ഷതയിലും ദേവസ്വം വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും ഉന്നത ഉദ്യോഗസ്ഥ തലത്തിലും യോഗങ്ങൾ ചേർന്ന് പദ്ധതികൾ ആസൂത്രണം ചെയ്ത് തീർത്ഥാടനത്തിനെത്തുന്നവർക്ക് സന്നിധാനത്തും പമ്പയിലുമുള്ള ഇടത്താവളങ്ങളിൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലയ്ക്കൽ, പമ്പ

എന്നിവിടങ്ങളിൽ ആംബുലൻസ് സംവിധാനം ഏർപ്പെടുത്തുന്നതിനും എമർജൻസി മെഡിക്കൽ സെന്ററുകൾ ആരംഭിക്കുന്നതിനും കാർഡിയോളജിസ്റ്റുകളുടെ സേവനം ഉറപ്പുവരുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. റോഡുകളുടെ അറ്റകുറ്റപ്പണികൾക്കും കാനനപാതകളിൽ ഭക്തർക്ക് സൗകര്യങ്ങളും സംരക്ഷണവും ഒരുക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വെർച്വൽ ക്യൂ സംവിധാനം കുറ്റമറ്റ രീതിയിൽ ശക്തിപ്പെടുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വെർച്വൽ ക്യൂവിൽ രജിസ്റ്റർ ചെയ്യുന്നവർക്കും രജിസ്ട്രേഷൻ നടത്താതെ വരുന്നവർക്കും സുഗമമായ ദർശനത്തിനുള്ള സൗകര്യം സർക്കാർ ഉറപ്പുവരുത്തുന്നതാണ്.

(3) എ.ഡി.ജി.പി.-യുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ട്

ശ്രീ. ടി. പി. രാമകൃഷ്ണൻ: ക്രമസമാധാന ചുമതലയുണ്ടായിരുന്ന എ.ഡി.ജി.പി.-യുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ടിനെ മുൻനിർത്തി പൊതുസമൂഹത്തിലുണ്ടായിരിക്കുന്ന തെറ്റിദ്ധാരണ മാറ്റാൻ സർക്കാർ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ക്രമസമാധാന ചുമതലയുണ്ടായിരുന്ന എ.ഡി.ജി.പി.-ക്കെതിരെ വിവിധ ആരോപണങ്ങളുന്നയിച്ച് ലഭിച്ച പരാതിയിലും ആർ.എസ്.എസ്.

നേതാക്കളുമായി കൂടിക്കാഴ്ച നടത്തിയെന്ന പരാതിയിലും വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. സംസ്ഥാന പോലീസ് മേധാവി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടുകളെ സംബന്ധിച്ച് വസ്തുതാപരമല്ലാത്ത വാർത്തകളും ഊഹാപോഹങ്ങളും പ്രചരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ യാതൊന്നും സർക്കാരിന് മറച്ചുവയ്ക്കാനില്ല.

## (4) നഗര പുനരുജ്ജീവനവും സംയോജിത ജലഗതാഗതവും പദ്ധതി പൂർത്തീകരണം

ശ്രീ. ടി. ജെ. വിനോദ്: കൊച്ചിയിൽ നഗര പുനരുജ്ജീവനവും സംയോജിത ജലഗതാഗതവും പദ്ധതി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കൊച്ചി നഗരത്തിലെ ഇടപ്പള്ളി, ചിലവന്നൂർ, തേവര, പേരണ്ടൂർ കനാലുകളുടെ വികസനത്തിനായുള്ള സ്ഥലമെടുപ്പും പുറമ്പോക്ക് നിർണ്ണയവും പുരോഗമിച്ചുവരുന്നു. മലിനജല സംസ്കരണത്തിനായി കൊച്ചി നഗരത്തിന്റെ 70 ശതമാനം പ്രദേശം ഉൾക്കൊള്ളുന്ന ഒരു ബൃഹത് പദ്ധതിയുടെ ഭാഗമായി എളംകുളം, വെണ്ണല, മുട്ടാർ, പേരണ്ടൂർ എന്നിവിടങ്ങളിൽ സ്വീവേജ് ട്രീറ്റ്മെന്റ്

പ്ലാന്റ് നിർമ്മിക്കുന്നതിനായി കിഫ്ബിയിൽനിന്നും 1325 കോടി രൂപ അനുവദിക്കുകയും ടെൻഡർ നടപടികൾ പുരോഗമിക്കുകയുമാണ്. മാർക്കറ്റ് കനാലിന്റെ സൗന്ദര്യവൽക്കരണവും ചിലവന്നൂർ ടാങ്ക് ബണ്ട് റോഡ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തികളും ദ്രുതഗതിയിൽ നടന്നുവരുന്നു.

(5) <u>പ്രവാസി കേരളീയ ക്ഷേമ പെൻഷൻ</u>

<u>ശ്രീ. നജീബ് കാന്തപുരം</u>: പ്രവാസി ക്ഷേമനിധിയിൽ 5 വർഷമെങ്കിലും അംശദായം അടച്ചവർക്ക് മിനിമം പെൻഷൻ നൽകാനും അംശദായ കുടിശ്ശികയ്ക്ക് ഈടാക്കുന്ന പലിശയും പിഴപ്പലിശയും ഒഴിവാക്കാനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): പ്രവാസി ക്ഷേമനിധിയുടെ അംശദായ അടവിൽ കൃത്യത പാലിക്കാനാണ് പലിശയും പിഴപ്പലിശയും ഏർപ്പെടുത്തിയിരിക്കുന്നത്. 25-09-2024-ന് ചേർന്ന പ്രവാസി കേരളീയ ക്ഷേമ ബോർഡ് യോഗം അംശദായ അടവിൽ ആകെ കുടിശ്ശികയായി വരുന്ന തുകയുടെ 14 ശതമാനം പലിശയും പ്രസ്തുത തുകയുടെ 1 ശതമാനം പിഴയും ഈടാക്കി അംഗത്വം പുന:സ്ഥാപിച്ച് നൽകുന്നതിന് തീരുമാനിച്ചതിലൂടെ കുടിശ്ശിക തുകയ്ക്ക് ആനുപാതികമായി പലിശ വർധന വരുന്ന രീതി ഒഴിവാകുന്നതാണ്. സോഫ്റ്റ്‌വെയറിൽ പുതിയ ക്രമീകരണങ്ങൾ

വരുന്നതോടെ അംഗത്വം റദ്ദായവർക്ക് ഈ അവസരം പ്രയോജനപ്പെടുത്താൻ കഴിയും. അംഗത്വമെടുക്കുന്നതിനും അംശദായം അടയ്ക്കുന്നതിനും അപേക്ഷ സമർപ്പിക്കുന്നതിനും വിവരങ്ങൾ പരിശോധിക്കുന്നതിനും നിലവിൽ ഓൺലൈൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(6) കരിഞ്ചാപ്പാടിയിലെ യുവാക്കളുടെ അറസ്റ്റ്

ശ്രീ. മഞ്ഞളാംകുഴി അലി: മലപ്പുറം ജില്ലയിലെ കരിഞ്ചാപ്പാടിയിൽ നിരപരാധികളായ 4 യുവാക്കളുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്ത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കാനും അവർക്ക് നീതി ലഭ്യമാക്കാനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മലപ്പുറം മേലാറ്റൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ നാല് യുവാക്കൾ സഞ്ചരിച്ച വാഹനത്തിൽനിന്നും എം.ഡി.എം.എ. എന്ന് സംശയിച്ച വസ്തു കണ്ടെടുത്തതിനെത്തുടർന്ന് കേസ് രജിസ്റ്റർ ചെയ്ത് റിമാൻഡ് ചെയ്യുകയും രാസപരിശോധനയിൽ മയക്കമരുന്നിന്റെ സാന്നിധ്യം കണ്ടെത്താൻ കഴിയാത്തതിനാൽ ജാമ്യം അനുവദിക്കുകയും കേസന്വേഷണം നടന്നുവരികയുമാണ്. ഇതുമായി

ബന്ധപ്പെട്ട മറ്റ് വിഷയങ്ങൾ പരാതിയായി ലഭിച്ചാൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## (7) മണക്കാട്-വലിയതുറ, വലിയതുറ-ബീമാപള്ളി, വലിയതുറ-എയർപോർട്ട് റോഡുകളുടെ പുനരുദ്ധാരണം

ശ്രീ. ആന്റണി രാജു: നബാർഡ് പദ്ധതിയിലുൾപ്പെട്ട തിരുവനന്തപുരം നഗരത്തിലെ മണക്കാട്-വലിയതുറ-ബീമാപള്ളി-വള്ളക്കടവ്-എയർപോർട്ട് റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ അടിയന്തരമായി നടപ്പാക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): നബാർഡ് പദ്ധതിയിലുൾപ്പെട്ട മണക്കാട്-വലിയതുറ, വലിയതുറ-ബീമാപള്ളി, വലിയതുറ-എയർപോർട്ട് റോഡ് പ്രവൃത്തിക്കായി നാല് തവണ ടെൻഡർ ക്ഷണിച്ചെങ്കിലും വിവിധ കാരണങ്ങളാൽ ടെൻഡർ നടപടികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. അഞ്ചാമത് ടെൻഡർ ചെയ്തപ്പോൾ ക്വാട്ട് ചെയ്ത തുക ടെൻഡർ എക്സസ് വന്നതിനാൽ ബന്ധപ്പെട്ട ഫയൽ ധനകാര്യ വകുപ്പിന്റെ സജീവ പരിഗണനയിലാണ്.

## (8) അഭിഭാഷക ക്ലാർക്ക് ക്ഷേമനിധി ബോർഡ്

ശ്രീമതി ശാന്തകുമാരി കെ.: അഭിഭാഷക ക്ലാർക്ക് ക്ഷേമനിധി ബോർഡിന്റെ വരുമാനം വർധിപ്പിക്കുന്നതിന് അംഗങ്ങളുടെ വാർഷിക

വരിസംഖ്യ 2000 രൂപയായും വെൽഫെയർ സ്റ്റാമ്പിന്റെ മൂല്യം 20 രൂപയായും വർധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): അഭിഭാഷക ക്ലാർക്ക് ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ക്ഷേമനിധി സ്റ്റാമ്പിന്റെ മൂല്യം വർധിപ്പിക്കുന്നതിനും ക്ഷേമനിധി അംഗങ്ങളുടെ വാർഷിക വരിസംഖ്യ വർധിപ്പിക്കുന്നതിനുമുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

(9) ചെങ്കൽ പണ നേരിടുന്ന പ്രതിസന്ധി

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: കാസർഗോഡ് ജില്ലയിലെ ചെങ്കൽ ഉല്പാദകരും തൊഴിലാളികളും നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ചെങ്കൽ സംരംഭകരും തൊഴിലാളികളും നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനായി നിയോഗിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(10) <u>വിഴിഞ്ഞം തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യ വികസനം</u>

<u>ശ്രീ. എം. വിൻസെന്റ്</u>: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിനാവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിനായി പാക്കേജ് പ്രഖ്യാപിക്കണം.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (<u>ശ്രീ. വി. എൻ. വാസവൻ</u>): വിഴിഞ്ഞം തുറമുഖ പ്രദേശത്ത് വിവിധ തരത്തിലുള്ള അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരികയാണ്. തുറമുഖത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന രീതിയിലുള്ള വികസനം നടപ്പാക്കുന്നതിന് അന്താരാഷ്ട്ര നിലവാരമുള്ള ഒരു കൺസൾട്ടന്റിനെ ട്രാൻസാക്ഷൻ അഡ്വൈസറായി നിയമിക്കുന്നതിനുള്ള ടെൻഡർ നടപടി പുരോഗമിക്കുകയാണ്.

(11) <u>വക്കം-കായിക്കരക്കടവ് പാലം നിർമ്മാണം</u>

<u>ശ്രീമതി ഒ. എസ്. അംബിക</u>: വക്കം-കായിക്കരക്കടവ് പാലം നിർമ്മാണത്തിന് സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): കായിക്കരക്കടവ് പാലം നിർമ്മാണത്തിനായി 22 ഭൂവുടമകളിൽനിന്നും സ്ഥലമേറ്റെടുക്കുകയും നഷ്ടപരിഹാരം നൽകുകയും ചെയ്തിട്ടുണ്ട്. കേരള റോഡ്

ഫണ്ട് ബോർഡ് തുക അനുവദിക്കുന്ന മുറയ്ക്ക് ബാക്കി ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ നടപടികൾ പൂർത്തീകരിക്കുന്നതാണ്.

(12) വിലങ്ങാട് ദുരിതബാധിതർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ

ശ്രീ. ഇ. കെ. വിജയൻ: വിലങ്ങാട് ഉരുൾപൊട്ടലിൽ ദുരിതമനുഭവിക്കുന്നവർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): കോഴിക്കോട് ജില്ലയിലെ വാണിമൽ, നരിപ്പറ്റ പഞ്ചായത്തുകളിലെ ഏതാനും വാർഡുകൾ ദുരന്തമേഖലയായി പ്രഖ്യാപിച്ചിട്ടുണ്ട്. ദുരിതബാധിതർക്ക് എല്ലാവിധ അടിയന്തര സഹായങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. വിവിധ വകുപ്പുദ്യോഗസ്ഥർ ഉൾപ്പെടുന്ന വിദഗ്ധ സംഘവും റാപ്പിഡ് വിഷ്വൽ സ്ക്രീനിംഗ് ടീമും ദുരന്തബാധിത പ്രദേശം സന്ദർശിച്ച് പരിശോധന നടത്തിയിട്ടുണ്ട്. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സംഘം ഇന്നലെ അവിടെ സന്ദർശനം നടത്തുകയും റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയം ചർച്ച ചെയ്യുന്നതിന് ജില്ലയുടെ ചുമതലയുള്ള മന്ത്രിമാരെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി യോഗം ചേരുന്നതാണ്.

## (13) കുറിഞ്ഞിമല സാങ്ച്വറി രൂപീകരണം

ശ്രീ. എ. രാജ: കുറിഞ്ഞിമല സാങ്ച്വറി രൂപീകരണവുമായി ബന്ധപ്പെട്ട് സർക്കാർ ഏറ്റെടുക്കുന്ന ഭൂമിയുടെ സർവെ നടപടി പൂർത്തീകരിക്കുന്നതുവരെ പട്ടയമുള്ളവർക്ക് നട്ടുവളർത്തിയ മരങ്ങൾ മുറിക്കുന്നതിനുള്ള അനുവാദം നൽകുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): കുറിഞ്ഞിമല സാങ്ച്വറി രൂപീകരിക്കുന്നതിന് ഏകദേശം 3200 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനാണ് വനം വകുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചത്. വിജ്ഞാപനത്തിൽ ഉൾപ്പെട്ട ഭൂമിയിൽ താമസിച്ച് കൃഷി ചെയ്യുന്നവരെ ഒഴിപ്പിക്കാതെ അവർക്ക് പട്ടയം നൽകുക, അതിരുകൾ നിർണ്ണയിക്കുക, ഭൂമി പ്രശ്നം പരിഹരിക്കുക, സർവെ നടത്തുക, പട്ടയങ്ങളുടെ ആധികാരികത പരിശോധിക്കുക എന്നീ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. കുറിഞ്ഞിമല സാങ്ച്വറിയുടെ സെറ്റിൽമെന്റ് ഓഫീസറായി ഒരു ഉദ്യോഗസ്ഥനെ നിയമിക്കുന്നതും അതിരുകൾ തിട്ടപ്പെടുത്തുന്നതിന് ഡിജിറ്റൽ സർവെ നടത്തുന്നതും സർക്കാരിന്റെ പരിഗണനയിലാണ്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യാൻ അടിയന്തര യോഗം ചേരുന്നതാണ്.

## (14) കൈവശഭൂമിക്ക് പട്ടയം ലഭ്യമാക്കൽ

ശ്രീ. സി. കെ. ഹരീന്ദ്രൻ: പാറശ്ശാല നിയോജകമണ്ഡലത്തിലെ കുടിയേറ്റക്കാരുടെ കൈവശ ഭൂമിക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): നെയ്യാറ്റിൻകര താലൂക്കിലെ അഞ്ചുചങ്ങല പ്രദേശത്ത് വർഷങ്ങളായി വീടുവച്ച് താമസിച്ചുവരുന്ന 476 കുടുംബങ്ങൾക്ക് ഭൂപതിവ് ചട്ടപ്രകാരം പട്ടയം നൽകുന്നതിനായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പ്രദേശത്ത് ഇറിഗേഷൻ വകുപ്പിന്റെ ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം ലഭ്യമാക്കുന്നതിനായി സ്ഥല പരിശോധനയും സർവെയും നടത്തി സമർപ്പിച്ച പുതുക്കിയ സ്കെച്ചിന് അംഗീകാരം ലഭിച്ചിട്ടില്ല. വാഴിച്ചൽ, അമ്പൂരി, കള്ളിക്കാട് വില്ലേജുകളിൽ ഉൾപ്പെട്ട അഞ്ചുചങ്ങല പ്രദേശം വനഭൂമിയിലുൾപ്പെടുന്നതാണോയെന്ന് പരിശോധിക്കുന്നതിന് ഡിജിറ്റൽ സർവെ നടത്താൻ തീരുമാനിക്കുകയും ആദ്യഘട്ടമായി വിസ്തൃതികൂടിയ വാഴിച്ചൽ വില്ലേജിനെ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ക്ലാമല വനാതിർത്തിക്കുള്ളിലുൾപ്പെട്ട പ്രദേശമാണെന്ന് കണ്ടെത്തിയാൽ 1993-ലെ ഭൂപതിവ് ചട്ടപ്രകാരം കേന്ദ്ര സർക്കാരിന്റെ അനുമതിയോടെയും റവന്യൂ

ഭൂമിയാണെന്ന് കണ്ടെത്തിയാൽ ഇറിഗേഷൻ വകുപ്പിന്റെ അനുമതിയോടെയും പതിച്ചുനൽകാൻ സാധിക്കും. ഇക്കാര്യത്തിൽ എം.എൽ.എ.-യെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് വനം, ഇറിഗേഷൻ വകുപ്പുമന്ത്രിമാരുടെ യോഗം അടിയന്തരമായി ചേരുന്നതാണ്.

(15) ഭൂപതിവ് ചട്ടപ്രകാരം ഭൂമി പതിച്ചു നൽകുന്നതിനുള്ള വരുമാനപരിധി

ശ്രീ. ആന്റണി ജോൺ: 1964-ലെ ഭൂപതിവ് ചട്ടപ്രകാരം 1-8-1971-നുശേഷം ഭൂമി കൈവശംവച്ചവർക്ക് ഭൂമി പതിച്ച് നൽകുന്നതിനുള്ള കുടുംബ വാർഷിക വരുമാനപരിധി കാലാനുസൃതമായി വർധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): 1964-ലെ ഭൂപതിവ് ചട്ടപ്രകാരം 1-8-1971-നുശേഷം ഭൂമി കൈവശം വച്ചവർക്ക് പട്ടയം ലഭിക്കുന്നതിന് കുടുംബ വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയിൽ താഴെയായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ മാനദണ്ഡമനുസരിച്ച് സാധാരണക്കാരനുപോലും ഭൂമി ലഭിക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ട്. അതിനാൽ വരുമാന പരിധി വർധിപ്പിക്കണമെന്ന ലാൻഡ് റവന്യൂ കമ്മീഷണറുടെ ശിപാർശ സർക്കാർ പരിശോധിക്കുന്നതാണ്.

### (16) ഡാമുകളിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യൽ

ശ്രീ. എം. എം. മണി: ഡാമുകളിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നതിനും സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ഡാമുകളിൽ അടിഞ്ഞുകൂടുന്ന എക്കലും ചെളിയും സംഭരണശേഷിയെ ബാധിക്കുന്നുണ്ട്. ചുള്ളിയാർ, മീങ്കര, വാളയാർ ഡാമുകളുടെ ഡീസിൽറ്റേഷൻ ആരംഭിക്കുകയും മലമ്പുഴ, മലങ്കര, കാരാപ്പുഴ, പഴശ്ശി, മണിയാർ, കുറ്റ്യാടി, നെയ്യാർ, തെന്മല ഡാമുകളിൽ ഡീസിൽറ്റേഷൻ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. മംഗലം ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തി റീടെൻഡർ ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുകയാണ്.

### (17) കുറ്റ്യാടി ജൽജീവൻ മിഷൻ പദ്ധതി

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: ജൽജീവൻ മിഷൻ പദ്ധതിപ്രകാരം കുറ്റ്യാടി നിയോജകമണ്ഡലത്തിലെ മുഴുവൻ വീടുകൾക്കും കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനും പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി പൊളിച്ച ഗ്രാമീണ റോഡുകൾ പൂർവസ്ഥിതിയിലാക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കുറ്റ്യാടി നിയോജകമണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിൽ ജൽജീവൻ മിഷൻ പദ്ധതിപ്രകാരം കുടിവെള്ള കണക്ഷൻ നൽകുന്നതിന് ഭരണാനുമതി ലഭിക്കുകയും 6807 കുടിവെള്ള കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മണ്ഡലത്തിൽ ശുദ്ധജലവിതരണം നടത്തുന്നതിന് വിഭാവന ചെയ്ത പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരികയാണ്. പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് എല്ലാ വീടുകളിലും കണക്ഷൻ നൽകാൻ സാധിക്കും. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി പൊളിച്ച റോഡുകളുടെ താത്കാലിക അറ്റകുറ്റപ്പണികൾ ഡിസംബറോടുകൂടിയും പെർമനന്റ് റെസ്റ്റോറേഷൻ 2025 മാർച്ച് മാസത്തോടുകൂടിയും പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

## (18) പട്ടാമ്പിയിലെ ഇറിഗേഷൻ പദ്ധതികൾ

ശ്രീ. മുഹമ്മദ് മുഹസിൻ: പട്ടാമ്പി നിയോജകമണ്ഡലത്തിൽ കനത്ത മഴയിൽ തകർന്ന ചെറുകിട ജലസേചന പദ്ധതികൾ നവീകരിക്കുന്നതിനും ജൽജീവൻ, അമൃത് തുടങ്ങിയ പദ്ധതികളടക്കം നടപ്പാക്കുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുമുണ്ടാകുന്ന വീഴ്ച പരിശോധിച്ച് നടപടിയെടുക്കുന്നതിനും എല്ലാവർക്കും കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): പട്ടാമ്പി നിയോജകമണ്ഡലത്തിലെ കൂട്ടിക്കൽ പദ്ധതിയുടെ ട്രാൻസ്ഫോർമർ തകരാർ പരിഹരിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റ് പരിശോധിച്ചുവരികയാണ്. പള്ളിപ്പുറം ലിഫ്റ്റ് ഇറിഗേഷൻ സ്കീമിലെ പമ്പ് ഹൗസിലെ ജലവിതരണ തകരാർ പരിഹരിച്ച് ജലവിതരണം സാധ്യമാക്കിയിട്ടുണ്ട്. കണ്ണമ്പാറ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിലെ കനാലിലെ ചെളി നീക്കംചെയ്യുന്നതിനുള്ള ടെൻഡർ നടപടികളും പുരോഗമിച്ചുവരികയാണ്. ജൽജീവൻ മിഷൻ പദ്ധതി പ്രവർത്തനങ്ങളും വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരികയാണ്. കൊപ്പം-വിളയൂർ കുടിവെള്ള പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരണത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ പരിശോധിക്കുന്നതാണ്.

(19) പടിഞ്ഞാറത്തറ-പൂഴിത്തോട് റോഡ്

ശ്രീ. ടി. സിദ്ദിഖ്: പടിഞ്ഞാറത്തറ-പൂഴിത്തോട് ബദൽ റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് അനുവാദം ലഭ്യമാക്കാനും ഇതുമായി ബന്ധപ്പെട്ട് സംയുക്ത യോഗം വിളിച്ചുചേർക്കാനും അടിയന്തര നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): പാരിസ്ഥിതിക പ്രശ്നങ്ങൾ ഉന്നയിച്ച് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അനുമതി നിഷേധിച്ച പടിഞ്ഞാറത്തറ-പൂഴിത്തോട് റോഡിന്റെ സോയിൽ എസ്കവേഷനടക്കമുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് പൊതുമരാമത്ത് വകുപ്പ് 1.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് അനുമതി ലഭ്യമാകണമെങ്കിൽ 23.50 ഹെക്ടർ വനഭൂമി വിട്ടുകിട്ടേണ്ടതുണ്ട്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ നിലപാടുകൾ അവഗണിച്ചുകൊണ്ട് സംസ്ഥാനത്തിന് തീരുമാനമെടുക്കാൻ സാധിക്കുകയില്ല. ഇതുമായി ബന്ധപ്പെട്ട് കേന്ദ്രത്തിൽ പ്രൊപ്പോസൽ സമർപ്പിക്കുന്നതിൽ കാലതാമസമുണ്ടാകുകയില്ല. സംയുക്തയോഗം വിളിച്ചുചേർത്ത് ഇക്കാര്യം ചർച്ച ചെയ്യാവുന്നതാണ്.

(20)<u>ചിറ്റാർ-സീതത്തോട് ജനവാസ മേഖലയിലെ കാട്ടാന സാന്നിധ്യം</u>

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: കോന്നി നിയോജകമണ്ഡലത്തിലെ ചിറ്റാർ-സീതത്തോട് ജനവാസമേഖലയിലെ കാട്ടാന സാന്നിധ്യവും വന്യമൃഗശല്യവും നേരിടുന്നതിനും വനം വകുപ്പിലെ ഉന്നതോദ്യോഗസ്ഥരെ പ്രസ്തുത മേഖലയിൽ നിയമിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): കോന്നി നിയോജകമണ്ഡലത്തിലെ ജനവാസമേഖലയ്ക്ക് സമീപം ആനകളുടെ സാന്നിധ്യം ഒഴിവാക്കുന്നതിനായി ആവിഷ്കരിച്ച കർമ്മപദ്ധതിയുടെ ഭാഗമായി സംയുക്ത സംഘത്തെ മുഴുവൻ സമയ നിരീക്ഷണത്തിനായി നിയോഗിക്കുകയും ആനകളെ കാട്ടിലേക്കുതന്നെ തിരച്ചയയ്ക്കാനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആനയുടെ സാന്നിധ്യം സുരക്ഷിത ദൂരത്തിൽ മുൻകൂട്ടി കാണാനുള്ള നടപടി സ്വീകരിക്കുകയും മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ജനവാസമേഖലയോട് ചേർന്നുള്ള പ്രദേശങ്ങളിൽ സോളാർ വേലി സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. വാട്ട്സ് ആപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ച് ആനകളുടെ സാന്നിധ്യം യഥാസമയം അറിയിക്കുകയും ആവശ്യമായ മുൻകരുതലുകളെടുക്കുകയും ചെയ്യുന്നുണ്ട്. പ്രസ്തുത മേഖലയിലേക്ക് വനം വകുപ്പിലെ ഉന്നതോദ്യോഗസ്ഥരെ നിയമിക്കുന്നതിന് തടസ്സമില്ല.

## (21) <u>കേരഫെഡ് തൊഴിലാളികളുടെ പ്രശ്നങ്ങൾ</u>

<u>ശ്രീ. സി. ആർ. മഹേഷ്</u>: കേരഫെഡിൽ ശമ്പള പരിഷ്കരണം നടപ്പാക്കാനും 2008-ൽ സ്ഥിരപ്പെടുത്തിയവർക്കുകൂടി മറ്റ് ജീവനക്കാർക്ക്

ലഭിക്കുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കാനും ദിവസവേതന/കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികളെ സ്ഥിരപ്പെടുത്താനും നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. പി. പ്രസാദ്</u>): ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് ആക്റ്റ് പ്രകാരമുള്ള അവധിയും മറ്റാനുകൂല്യങ്ങളുമാണ് കേരഫെഡിലെ സ്ഥിരം ജീവനക്കാർക്ക് അനുവദിച്ചുവരുന്നത്. പ്രസ്തുത അവധി ആനുകൂല്യം 2008-ൽ സ്ഥിരപ്പെടുത്തിയ 143 തൊഴിലാളികൾക്കുൾപ്പെടെ നൽകിവരുന്നുണ്ട്. KSR പ്രകാരമുള്ള അവധി ആനുകൂല്യം നിയമപരമായി അനുവദനീയമല്ല. 11-ാം ശമ്പളപരിഷ്കരണ ഉത്തരവ് 25 തസ്തികകൾക്ക് മാത്രമാണ് ബാധകമാകുന്നത്. സർക്കാരിന്റെ അനുമതിയോടുകൂടി സൃഷ്ടിക്കുന്ന തസ്തികകൾ മാത്രമേ സ്റ്റാഫ് പാറ്റേൺ ഉത്തരവിൽ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. കേരഫെഡ് സർക്കാർ അനുമതിയില്ലാതെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പ്രസ്തുത തസ്തികകൾക്ക് അംഗീകാരം നൽകുന്ന വിഷയം ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്. ദിവസവേതന/കരാർ അടിസ്ഥാനത്തിൽ പത്ത് വർഷം സർവീസ് പൂർത്തീകരിച്ച തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്ന കാര്യം നിയമപരമായി പരിശോധിക്കുന്നതാണ്.

## (22) ഓട്ടോ കൺസൾട്ടന്റുമാർ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: മോട്ടോർ വാഹന വകുപ്പുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന ഓട്ടോ കൺസൾട്ടന്റുമാർക്ക് ലൈസൻസ് നൽകുന്നതിനും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ ഓൺലൈൻ സർവീസുകൾ ലഭ്യമാക്കിയിരുന്ന കൗണ്ടർ പുനഃസ്ഥാപിക്കാനും ഒ.ടി.പി. സംവിധാനം ഒഴിവാക്കിക്കൊണ്ട് ഫൈനുകൾ അടയ്ക്കുന്നതിന് ബദൽ മാർഗം ഏർപ്പെടുത്താനും ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ഫിറ്റ്നസ് ടെസ്റ്റിനുള്ള സ്ലോട്ട് നൽകാനും നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): വാഹന ഉടമകൾക്ക് സ്വയം ഒ.ടി.പി. ജനറേറ്റ് ചെയ്ത് ഫൈനടയ്ക്കാനും സ്ലോട്ട് സംവിധാനത്തിലൂടെയല്ലാതെയും ഫിറ്റ്നസ് ടെസ്റ്റ് നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ ഓൺലൈൻ സർവീസുകൾ ലഭ്യമാക്കുന്ന കൗണ്ടറുകളിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഓട്ടോ കൺസൾട്ടന്റുമാർക്ക് ലൈസൻസ് നൽകണമെന്ന ആവശ്യം നിയമപരമായി അംഗീകരിക്കാൻ കഴിയുന്നതല്ല.

## (23) കെ.എസ്.ആർ.ടി.സി. അപകടങ്ങൾ ഒഴിവാക്കൽ

ശ്രീ. ലിന്റോ ജോസഫ്: തിരുവമ്പാടി നിയോജകമണ്ഡലത്തിലെ കാളിയാമ്പുഴയിലുണ്ടായ ബസ് അപകടത്തിൽ മരണപ്പെടുകയും പരിക്കേൽക്കുകയും ചെയ്തവർക്കുള്ള നഷ്ടപരിഹാരം എത്രയും വേഗം ലഭ്യമാക്കുന്നതിനും മലയോര മേഖലകളിൽ കെ.എസ്.ആർ.ടി.സി.-യുടെ കൂടുതൽ സർവീസുകൾ ആരംഭിക്കുന്നതിനും പുതിയ ബസുകൾ അനുവദിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): ബസ് അപകടത്തിൽപ്പെട്ടവരുടെ ചികിത്സാ ചെലവ് കെ.എസ്.ആർ.ടി.സി. ഏറ്റെടുത്തിരുന്നു. ഇവർക്ക് നഷ്ടപരിഹാരം നൽകുന്നതുമായി ബന്ധപ്പെട്ട് ഇൻഷ്വറൻസ് കമ്പനിയുമായി ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി. ബസുകളെ മാത്രം ആശ്രയിക്കുന്ന സ്ഥലങ്ങളിലെല്ലാം കൂടുതൽ സർവീസുകൾ ആരംഭിക്കുന്നതാണ്. പുതിയ ബസുകൾ ലഭ്യമാകുമ്പോൾ തിരുവമ്പാടിയിലെ മലയോര മേഖലയ്ക്കുവേണ്ടി അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(24) <u>മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ പ്രവർത്തനം</u>

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ഷിറിയ റിവർ ട്രെയിനിംഗ് പ്രോജക്ട് നടപ്പാക്കുന്നതിലെ സങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി പ്രവൃത്തി പൂർത്തിയാക്കുന്നതിനും മത്സ്യബന്ധന തുറമുഖത്തിന്റെ ഭൗതികസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. സജി ചെറിയാൻ</u>): 24.30 കോടി രൂപയുടെ ഭരണാനുമതി നൽകിയ മഞ്ചേശ്വരം ഷിറിയ റിവർ ട്രെയിനിംഗ് പ്രോജക്ടുമായി ബന്ധപ്പെട്ട് സി.ആർ.ഇസഡ്. ക്ലിയറൻസ് ലഭ്യക്കുന്നതിനുവേണ്ടി K.C.Z.M.A. (Kerala Coastal Zone Management Authority) നിർദേശിച്ചപ്രകാരം കോമ്പ്രിഹെൻസീവ് ഷോർലൈൻ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ആയതിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതി പ്രൊപ്പോസൽ പരിഗണിക്കാവുന്നതാണ്. മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ ഭൗതിക സൗകര്യം വർധിപ്പിക്കുന്നതിനായി 615 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

## (25) മോട്ടോർ തൊഴിലാളി ക്ഷേമനിധി ആനുകൂല്യം

ശ്രീ. കെ. ബാബു (നെന്മാറ): സംസ്ഥാന മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ സെർവർ തകരാർ പരിഹരിച്ച് പരിവാഹൻ ലിങ്ക് പുന:സ്ഥാപിക്കുന്നതിനും ക്ഷേമനിധി ആനുകൂല്യം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സംസ്ഥാന മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്കും തൊഴിലുടമകൾക്കും വിവിധ ഓൺലൈൻ സംവിധാനങ്ങളുപയോഗിച്ച് ക്ഷേമനിധി വിഹിതം ഒടുക്കുന്നതിനുള്ള സൗകര്യമുണ്ട്. എത്രയും വേഗം സെർവർ തകരാർ പരിഹരിച്ച് ലിങ്ക് പുന:സ്ഥാപിക്കുന്നതാണ്.

## (26) ചവറയിലെയും പന്മനയിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്ലേ ഗ്രൗണ്ട് വൃത്തിയാക്കൽ

ഡോ. സുജിത് വിജയൻപിള്ള: ചവറയിലെയും പന്മനയിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്ലേ ഗ്രൗണ്ടുകൾ വൃത്തിയാക്കുന്നതിനും അവയുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്ലേ ഗ്രൗണ്ടുകൾ വൃത്തിയാക്കുന്നതിനുള്ള

പ്രോജക്ട് തയ്യാറാക്കി സമർപ്പിച്ചാൽ തുടർനടപടി സംബന്ധിച്ച് ആലോചിക്കുന്നതാണ്.

### (27) കാളംതിരുത്തി എം.ജി.എൽ.സി. സ്കൂൾ തുറന്ന് പ്രവർത്തിപ്പിക്കൽ

ശ്രീ. കെ. പി. എ. മജീദ്: തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിലെ കാളംതിരുത്തി എം.ജി.എൽ.സി. സ്കൂൾ തുറന്ന് പ്രവർത്തിപ്പിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): കാബിനറ്റ് യോഗം ചേർന്ന് പ്രസ്തുത വിഷയം സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്.

### (28) പ്രീ-പ്രൈമറി അധ്യാപകരുടെയും ആയമാരുടെയും സേവന വേതന വ്യവസ്ഥ

ശ്രീ. പി. സി. വിഷ്ണുനാഥ്: പ്രീ-പ്രൈമറി അധ്യാപകരുടെയും ആയമാരുടെയും സേവന-വേതന വ്യവസ്ഥയിലെ അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): പ്രീ-പ്രൈമറി അധ്യാപകർക്ക് 12,500/- രൂപയും ആയമാർക്ക് 7,500/- രൂപയുമാണ് വേതനമായി നൽകിവരുന്നത്. ഇവരുടെ സേവന വേതന

വ്യവസ്ഥയുമായി ബന്ധപ്പെട്ട വിഷയത്തിന്മേൽ പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (29) ബാലരാമപുരം-വഴിമുക്ക്-കളിയിക്കാവിള പാത നിർമ്മാണത്തിന് സ്ഥലമേറ്റെടുക്കൽ

ശ്രീ. കെ. ആൻസലൻ: കരമന-കളിയിക്കാവിള പാത നിർമ്മാണത്തിനാവശ്യമായ സ്ഥലമേറ്റെടുക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കിഫ്ബി പദ്ധതിയിലുൾപ്പെട്ട കരമന-കളിയിക്കാവിള പാത നിർമ്മാണത്തിനാവശ്യമായ സ്ഥലമേറ്റെടുക്കൽ സംബന്ധിച്ച് ജനപ്രതിനിധികളുടെ പ്രത്യേക യോഗം വിളിച്ചുചേർക്കാൻ വകുപ്പുസെക്രട്ടറിക്ക് നിർദേശം നൽകിയിട്ടുണ്ട്.

## (30) കോഴിക്കോട്-പാലക്കാട് ഗ്രീൻ ഫീൽഡ് ഹൈവേ നിർമ്മാണം

ശ്രീ. ടി.വി. ഇബ്രാഹിം: നിർദിഷ്ട കോഴിക്കോട്-പാലക്കാട് ഗ്രീൻ ഫീൽഡ് ഹൈവേ കടന്നുപോകുന്ന വാഴക്കാട് പഞ്ചായത്തിലെ സർവീസ് റോഡ് നിർമ്മാണം പൂർത്തിയാക്കാനും അനുയോജ്യമായ സ്ഥലത്ത് ആക്സസ് ലഭ്യമാക്കാനുമുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ആക്സസ് പോയിന്റുകൾ വർധിപ്പിക്കുന്നത് സാങ്കേതികമായി സാധ്യമല്ലെന്നാണ് ദേശീയ പാത അതോറിറ്റി അറിയിച്ചിട്ടുള്ളത്. വാഴക്കാട് പഞ്ചായത്ത് ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ ആക്സസ് പോയിന്റുകൾ അനുവദിക്കുന്ന കാര്യം പരിശോധിക്കണമെന്ന് ദേശീയ പാത അതോറിറ്റിയോട് പ്രത്യേകം ആവശ്യപ്പെടുന്നതാണ്.

(31) വള്ളികുന്നംചിറ ടൂറിസം പദ്ധതി

ശ്രീ. എം. എസ്. അരുൺകുമാർ: മാവേലിക്കര നിയോജകമണ്ഡലത്തിലെ വള്ളികുന്നംചിറ ടൂറിസം പദ്ധതി യാഥാർഥ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): വള്ളികുന്നംചിറ ടൂറിസം പദ്ധതിയുടെ ഡി.പി.ആർ. ടൂറിസം വർക്കിംഗ് ഗ്രൂപ്പിന്റെ യോഗത്തിൽ പരിഗണിച്ചിട്ടുണ്ട്. അവരുടെ നിർദ്ദേശങ്ങൾക്കനുസൃതമായി തുടർനടപടി സ്വീകരിക്കുന്നതാണ്.

## (32) പേരാവൂരിലെ പൊതുമരാമത്ത് റോഡുകളുടെ നവീകരണം

ശ്രീ. സണ്ണി ജോസഫ്: പേരാവൂരിലെ പൊതുമരാമത്ത് റോഡുകൾ ഗതാഗതയോഗ്യമാക്കാനും അമ്പായത്തോട് 44-ാം മൈൽ ചുരം രഹിത പാത യാഥാർത്ഥ്യമാക്കാനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ജൽജീവൻ മിഷൻ പ്രവൃത്തി പൂർത്തിയാക്കാത്തതുമൂലം റോഡ് നവീകരണം ആരംഭിക്കാൻ കഴിയുന്നില്ലെന്ന കാര്യം ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ പ്രത്യേക ഇടപെടൽ നടത്തുന്നതിനായി ബന്ധപ്പെട്ട ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## (33) പനാത്ത്താഴം-ചേവരമ്പലം ജംഗ്ഷനിൽ മേൽപ്പാലം/അടിപ്പാലം നിർമ്മാണം

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ ഗാന്ധിറോഡ് മുതൽ സി.ഡബ്ല്യു.ആർ.ഡി.എം. വരെയുള്ള റോഡിനുകുറകെ എൻ.എച്ച്.-66 നിർമ്മിക്കുന്നതിനാൽ പനാത്ത്താഴം-ചേവരമ്പലം ജംഗ്ഷനിൽ മേൽപ്പാലമോ അടിപ്പാലമോ നിർമ്മിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): നിരവധി തവണ ഇതുസംബന്ധിച്ച് ദേശീയപാത അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഇക്കാര്യത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഒരിക്കൽക്കൂടി ആവശ്യപ്പെടുന്നതാണ്.

(34) പെരിങ്ങമ്മല-തെന്നൂർ മലയോര ഹൈവേ നിർമ്മാണം

ശ്രീ. ഡി. കെ. മുരളി: പെരിങ്ങമ്മല-തെന്നൂർ മലയോര ഹൈവേയുടെ മൂന്നാമത്തെ റീച്ച് പൂർത്തീകരിക്കാനും തെന്നൂർ പാലത്തിന്റെ പുനർ നിർമ്മാണ പ്രവൃത്തി ആരംഭിക്കാനും നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(35) വഴിയോര ഭക്ഷണ വിതരണ കേന്ദ്രങ്ങളിലെ ശുചിത്വം

ശ്രീ. അഹമ്മദ് ദേവർകോവിൽ: വഴിയോര ഭക്ഷണ വിതരണ കേന്ദ്രങ്ങളിലെ ശുചിത്വം ഉറപ്പുവരുത്താനും അവിടത്തെ തൊഴിലാളികൾക്ക് ഹെൽത്ത് ഫിറ്റ്നസ് കാർഡ് നിർബന്ധമാക്കാനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): ജലം, ഭക്ഷണം എന്നിവയിലൂടെയുള്ള പകർച്ചവ്യാധികൾ വർധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് തട്ടുകടയുൾപ്പെടെയുള്ള എല്ലാ ഭക്ഷണശാലകളിലും നൈറ്റ് സ്ക്വാഡിനെ നിയോഗിച്ച് പരിശോധന

നടത്തുന്നുണ്ട്. പാചകത്തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ് രണ്ടുവർഷം മുമ്പുതന്നെ നിർബന്ധമാക്കിയിട്ടുണ്ട്. വ്യാജ കാർഡുകൾ വിതരണം ചെയ്യുന്ന മെഡിക്കൽ പ്രാക്ടീഷണർമാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

(36) കോഴിക്കോട് മെഡിക്കൽ കോളേജിൽ രാത്രികാല പോസ്റ്റ്മോർട്ടം

ശ്രീ. കെ. എം. സച്ചിൻദേവ്: കോഴിക്കോട് മെഡിക്കൽ കോളേജിൽ രാത്രികാല പോസ്റ്റ്മോർട്ടം ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർക്കാർ ആശുപത്രികളിൽ രാത്രികാല പോർസ്റ്റ്മോർട്ടം യാഥാർത്ഥ്യമാക്കിയതിന്റെ ഭാഗമായി മഞ്ചേരി മെഡിക്കൽ കോളേജിൽ രാത്രികാല പോസ്റ്റ്മോർട്ടം ആരംഭിക്കുകയും കോഴിക്കോട് മെഡിക്കൽ കോളേജിലുൾപ്പെടെ രാത്രികാല പോസ്റ്റ്മോർട്ടം നടത്തുന്നതിനുള്ള നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(37) നെല്ല് വില വർധിപ്പിക്കൽ

ശ്രീ. കെ. ഡി. പ്രസേനൻ: നെല്ല് സംഭരണം സംബന്ധിച്ച് വ്യക്തമായ മാർഗനിർദേശം പുറപ്പെടുവിക്കാനും സമയബന്ധിതമായി സംഭരിക്കാനും സംഭരണ വില വർധിപ്പിക്കാനും നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

## (38) റേഷൻ കട നടത്തുന്ന ലൈസൻസികളുടെ പ്രശ്നങ്ങൾ

ശ്രീ. ജി. സ്റ്റീഫൻ: റേഷൻ വ്യാപാരികളുടെ വേതന പാക്കേജ് പുതുക്കാനും കെ.ടി.പി.ഡി.എസ്. ആക്ടിലെ ലൈസൻസികൾക്കെതിരായ നിബന്ധനകളുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിക്കാനും സുപ്രീം കോടതി വിധി പ്രകാരമുള്ള കിറ്റ് കമ്മീഷൻ എല്ലാ റേഷൻ വ്യാപാരികൾക്കും നൽകാനും നടപടി സ്വീകരിക്കണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): റേഷൻ വ്യാപാരികളുടെ പ്രശ്നങ്ങൾ സർക്കാർ അതീവ പ്രാധാന്യത്തോടെയാണ് പരിഗണിക്കുന്നത്.

(വിശദമായ മറുപടി മേശപ്പുറത്തുവച്ചു.)

## (39) മദ്രസ ബോർഡ് നിർത്തലാക്കണമെന്ന ദേശീയ ബാലാവകാശ കമ്മീഷൻ ശിപാർശ

ശ്രീ. പി. ഉബൈദുള്ള: മദ്രസ ബോർഡുകൾ നിർത്തലാക്കണമെന്നും മദ്രസകളിൽ പഠിക്കുന്ന കുട്ടികളെ ഔപചാരിക വിദ്യാലയങ്ങളിലേക്ക് മാറ്റണമെന്നും ബോർഡുകൾക്കുള്ള സർക്കാർ ധനസഹായം നിർത്തലാക്കണമെന്നുമുള്ള ദേശീയ ബാലാവകാശ കമ്മീഷൻ ശിപാർശ നടപ്പാക്കാതിരിക്കാൻ നടപടി സ്വീകരിക്കണം.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): മദ്രസകൾ നിർത്തലാക്കാനുള്ള ദേശീയ ബാലാവകാശ കമ്മീഷന്റെ നിർദേശം ഭരണഘടനാ വിരുദ്ധവും മതധ്രുവീകരണത്തിന് ഇടയാക്കുന്നതുമാണ്. കേരളത്തിലെ മദ്രസകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതും അധ്യാപകരെ നിയമിക്കുന്നതും മദ്രസകളുടെ ദൈനംദിന പ്രവർത്തനങ്ങളുടെ ചെലവ് കണ്ടെത്തുന്നതും ബന്ധപ്പെട്ട മാനേജ്മെന്റുകളും കമ്മിറ്റികളുമാണ്. മദ്രസകളിലെ പാഠഭാഗങ്ങൾ തയ്യാറാക്കുന്നതും പരീക്ഷകൾ നടത്തുന്നതും ഫലം പ്രഖ്യാപിക്കുന്നതും ബന്ധപ്പെട്ട വിദ്യാഭ്യാസ ബോർഡുകളാണ്. മതവിദ്യാഭ്യാസ ബോർഡുകൾക്കോ മദ്രസകൾക്കോ സർക്കാർ ഫണ്ട് നൽകുന്നില്ല. ഇസ്ലാമിക മതപഠനം മാത്രമാണ് അവിടെ നടത്തിവരുന്നത്. മുസ്ലീം വിദ്യാർഥികൾ ഉൾപ്പെടെയുള്ള എല്ലാ മതവിഭാഗങ്ങളിൽപ്പെട്ടവർക്കും സ്കൂളുകളിൽ അടിസ്ഥാനവിദ്യാഭ്യാസം നൽകിവരുന്നുണ്ട്. മദ്രസകളിൽ നിർബന്ധിത വിദ്യാഭ്യാസരീതിയോ അടിസ്ഥാന വിദ്യാഭ്യാസ ലംഘനമോ ഏർപ്പെടുത്തുന്നില്ല. സംസ്ഥാനത്തെ മദ്രസ അധ്യാപകർക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് കേരള മദ്രസ അധ്യാപക

ക്ഷേമനിധി ബോർഡ് നിലവിലുണ്ട്. ഭരണഘടനാനുസൃതമായിട്ടുള്ള മതപഠനത്തിൽ ഇടപെടാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല.

## V മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ ലിസ്റ്റ് 1, ലിസ്റ്റ് 2 (ചട്ടം 47 (2) പ്രകാരമുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## VI നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച

ധനപ്രതിസന്ധി

ഡോ. മാത്യു കുഴൽനാടൻ: നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ചയ്ക്കായി സഭ ഇപ്പോൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഡോ. മാത്യു കുഴൽനാടൻ: സംസ്ഥാനം കടുത്ത ധനപ്രതിസന്ധി നേരിടുന്ന പശ്ചാത്തലത്തിലാണ് ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളത്. സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിലെ പരാജയം മൂലമുണ്ടായിരിക്കുന്ന ധനപ്രതിസന്ധി കാരണം ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നതിനാൽ ക്ഷേമപ്രവർത്തനങ്ങളും പദ്ധതി പ്രവർത്തനങ്ങളും പ്രതിസന്ധിയിലായിരിക്കുകയാണ്. ഐ.ജി.എസ്.ടി.

(Integrated Goods and Services Tax) പിരിവിലെ പരാജയവും സ്വർണ്ണത്തിൽനിന്നും ബാറിൽനിന്നുമുള്ള നികുതിയുടെ ചോർച്ചയും ധനപ്രതിസന്ധിക്ക് ഇടയാക്കിയിട്ടുണ്ട്. ഓരോ വകുപ്പിനും അനുവദിച്ച് കൊടുത്തിരുന്ന നിരവധി പദ്ധതികൾ മരവിപ്പിച്ചിരിക്കുകയാണ്. 25 ലക്ഷം രൂപ വരെയുള്ള ട്രഷറി ബില്ലുകൾ മാറുന്നതിനുണ്ടായിരുന്ന നിയന്ത്രണം അഞ്ചുലക്ഷം രൂപയായി കുറച്ചത് സംസ്ഥാനത്തെ വികസനപ്രക്രിയയിൽ വലിയ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. കഴിഞ്ഞ കാലങ്ങളിലെ ധനകാര്യ മാനേജ്മെന്റിന്റെയും സാമ്പത്തിക നയരൂപീകരണത്തിന്റെയും ഭാഗമായി കേരളത്തിലെ സമസ്ത മേഖലകളും മന്ദീഭവിച്ചിരിക്കുന്നു. സാധാരണക്കാരായ ആളുകൾക്ക് അവകാശപ്പെട്ട ആനുകൂല്യങ്ങൾ ഉറപ്പാക്കണം. സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ നികുതി പിരിവ് ഊർജ്ജിതമാക്കി സാമ്പത്തിക വളർച്ച ഉറപ്പാക്കുന്ന വിധത്തിലുള്ള നയങ്ങളുമായി മുന്നോട്ടുപോകണം.

<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: സംസ്ഥാനത്ത് കിഫ്ബിവഴി നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങളെ മന്ദീഭവിപ്പിക്കുകയും കേരളത്തിന്റെ വരുമാന സ്രോതസ്സ് വെട്ടിക്കുറയ്ക്കുകയും ചെയ്യുന്ന കേന്ദ്രഗവൺമെന്റിന്റെ നയങ്ങൾക്കെതിരെ പ്രതികരിക്കേണ്ടതുണ്ട്. നികുതി

വിഹിതം വെട്ടിക്കുറച്ചതിലൂടെ കോടിക്കണക്കിന് രൂപയാണ് സംസ്ഥാനത്തിന് നഷ്ടമുണ്ടായിട്ടുള്ളത്. കേന്ദ്രം സംസ്ഥാന ഗവൺമെന്റിനോട് അവഗണനാപരമായ സമീപനമാണ് സ്വീകരിക്കുന്നത്. സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുമ്പോഴും കേരളത്തിന് തനത് നികുതി വരുമാനത്തിൽ വർധനവ് ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. സാധാരണ ജനങ്ങൾക്ക് ആശ്വാസകരമായിട്ടുള്ള നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: ഈ ഗവൺമെന്റിന്റെ സാമ്പത്തിക നയംമൂലം സാധാരണ ജനങ്ങളുടെ ജീവിതം വഴിമുട്ടി നിൽക്കുന്ന സാഹചര്യമാണുള്ളത്. കേരളത്തിൽ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കുള്ള ഇ-ഗ്രാന്റ്സ് പദ്ധതിയിൽ 104 കോടി രൂപയുടെ കുടിശ്ശിക ലഭ്യമാക്കാനുണ്ട്. പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 295 കോടി രൂപയുടെയും ഒ.ബി.സി/ഒ.ബി.എച്ച്/ഒ.ഇ.സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 410 കോടി രൂപയുടെയും കുടിശ്ശിക ലഭ്യമാക്കാനുണ്ട്. എം.എൽ.എ. ഫണ്ട് അനുവദിക്കാത്തതിനാൽ ഏറ്റെടുത്ത പല പ്രവൃത്തികളും പകുതി വഴിയിൽ നിൽക്കുകയാണ്. ഫണ്ടിന്റെ അപര്യാപ്തതമൂലം പി.ഡബ്ല്യു.ഡി.-യിൽ നാമമാത്രമായ പ്രവൃത്തികളാണ് നടക്കുന്നത്. പിന്നാക്ക വിഭാഗങ്ങൾക്കുള്ള

ധനസഹായവും ചികിത്സാ സഹായവും നൽകുന്നതിൽ സർക്കാർ വീഴ്ച വരുത്തിയിരിക്കുകയാണ്.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: കേന്ദ്രവിഹിതം വെട്ടിക്കുറയ്ക്കുമ്പോഴുണ്ടാകുന്ന ബാധ്യതകളേറ്റെടുത്ത് വിവിധ സാമൂഹ്യക്ഷേമ പദ്ധതികൾ നടപ്പിലാക്കി വികസനം സാധ്യമാക്കി മുന്നോട്ടുപോകുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു. സാമൂഹ്യ-മാനവ വിഭവശേഷിയിൽ കേരളം മുന്നോട്ടുവരുന്നത് പ്രശംസനീയമാണ്. തനതു നികുതി വരുമാനവും ആകെ നികുതി വരുമാനവും ധനകമ്മിയും ജി.എസ്.ഡി.പി.യും തമ്മിലുള്ള അനുപാതവും വർദ്ധിപ്പിച്ച് മികച്ച ധനകാര്യ മാനേജ്മെന്റാണ് സർക്കാർ കാഴ്ചവയ്ക്കുന്നത്. കേന്ദ്രനയത്തിന്റെ ഭാഗമായി ജി.ഡി.പി.-യിൽനിന്നും അനുവദിക്കേണ്ട കേന്ദ്രസഹായവും കടമെടുപ്പ് പരിധിയും വെട്ടിക്കുറച്ചിരിക്കുകയാണ്. ഡിവിസിബിൾ പൂളിൽനിന്നും ആനുപാതികമായി ലഭിക്കേണ്ട വിഹിതം ലഭ്യമാക്കുന്നില്ല. സാധാരണക്കാർക്കും ദുർബല വിഭാഗക്കാർക്കും അർഹമായ സംരക്ഷണം ഉറപ്പാക്കാൻ നവകേരളം സൃഷ്ടിക്കുന്ന നയങ്ങളുമായി സർക്കാർ മുന്നോട്ടുപോകും.

<u>ശ്രീ. മോൻസ് ജോസഫ്</u>: കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിനോട് കാണിക്കുന്ന സാമ്പത്തിക വിവേചനം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. സംസ്ഥാന സർക്കാർ വാർഷിക പദ്ധതി വിഹിതം 50 ശതമാനം വെട്ടിക്കുറച്ചതിനാൽ ആവിഷ്കരിച്ച പദ്ധതികൾ മുഴുവൻ നടപ്പിലാക്കാൻ സാധിക്കുന്നില്ല. എം.എൽ.എ. ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം. സാമ്പത്തിക ബുദ്ധിമുട്ടുകാരണം നിർമ്മാണ മേഖലയും കാർഷിക മേഖലയും സ്തംഭനാവസ്ഥയിലാണ്. സംസ്ഥാന സർക്കാർ മാച്ചിംഗ് ഗ്രാന്റ് നൽകാത്തതുകൊണ്ട് നിരവധി പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കാത്ത വിഷയം സർക്കാർ ഗൗരവപൂർവം കാണണം. ലൈഫ് മിഷൻ പദ്ധതിയുൾപ്പെടെ വിഭാവനം ചെയ്ത സാമൂഹ്യക്ഷേമ പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കാത്തതും പാവങ്ങളോടും കൃഷിക്കാരോടും നീതിപുലർത്താൻ സാധിക്കാത്തതും ധനകാര്യ മാനേജ്മെന്റിന്റെ പരാജയമാണ്. അത് തിരുത്താൻ സംസ്ഥാന സർക്കാർ തയ്യാറാകണം.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: ഉപരോധ സമാനമായ സാമ്പത്തിക വിവേചനം കേന്ദ്ര സർക്കാർ കേരള സർക്കാരിനോട് കാണിക്കുന്നത് ഖേദകരമാണ്. കേന്ദ്രസർക്കാരിന്റെ സാമ്പത്തിക ഉപരോധങ്ങൾക്കെതിരെ

ഡൽഹിയിൽ നടന്ന സമരത്തിൽ നിഷേധാത്മക നിലപാടാണ് പ്രതിപക്ഷം സ്വീകരിച്ചത്. കൃത്യമായി ഐ.ജി.എസ്.ടി. പിരിച്ചെടുക്കാത്തതാണ് സാമ്പത്തികപ്രതിസന്ധിക്ക് കാരണമെന്ന പ്രതിപക്ഷത്തിന്റെ വാദം അപലപനീയമാണ്. തനതുവരുമാനം വർദ്ധിപ്പിച്ചുകൊണ്ട് സാമ്പത്തികപ്രതിസന്ധി പരിഹരിക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. മാണി സി. കാപ്പൻ: കാർഷികവിളകൾ കേടുകൂടാതെ സൂക്ഷിക്കാനായി മണ്ഡലാടിസ്ഥാനത്തിൽ കോൾഡ് സ്റ്റോറേജ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. കാർഷിക വിളകൾ ഉപയോഗിച്ച് വാല്യൂ ആഡഡ് പ്രോഡക്ട്സ് നിർമ്മിക്കാൻ നടപടി സ്വീകരിക്കണം. ഉപയോഗിക്കാതെ കിടക്കുന്ന നൂറേക്കർ വീതം ഭൂമി കൈവശമുള്ള കർഷകരുടെ ഭൂമിയിൽ സോളാർ ഗ്രിഡ് സ്ഥാപിക്കാനുള്ള പദ്ധതി നടപ്പിലാക്കണം.

ശ്രീ. ജോബ് മൈക്കിൾ: പ്രളയവുമായി ബന്ധപ്പെട്ട് കേരളത്തിന് കേന്ദ്രത്തിൽനിന്നും അർഹമായ ധനസഹായം ലഭിച്ചിട്ടില്ല. സാമ്പത്തിക പ്രതിസന്ധിക്കിടയിലും സാമൂഹ്യക്ഷേമ പെൻഷനുകളടക്കം കൊടുത്തുതീർത്ത സർക്കാരാണിത്. വികസനപ്രവർത്തനങ്ങളുണ്ടായിട്ടും

സംസ്ഥാനത്ത് വികസനമുരടിപ്പാണെന്നു പറയുന്ന പ്രതിപക്ഷ സമീപനം ജനങ്ങൾ ഒരിക്കലും അംഗീകരിക്കില്ല.

ശ്രീ. മാത്യു ടി. തോമസ്: കേന്ദ്ര ഗവൺമെന്റ് നയങ്ങളിൽ വരുത്തിയിരിക്കുന്ന വ്യതിയാനം കേരളത്തിന്റെ സാമ്പത്തിക മേഖലയെ ദോഷകരമായി ബാധിച്ചിരിക്കുകയാണ്. കേന്ദ്ര നികുതി വിഹിതത്തിൽ വന്ന കുറവാണ് സാമ്പത്തിക പ്രതിസന്ധിക്ക് കാരണം. എയിംസ്, ദേശീയപാതാ/റെയിൽവേ വികസനം എന്നീ കാര്യങ്ങളിലടക്കം കേരളത്തെ അവഗണിക്കുന്ന നിലപാടാണ് കേന്ദ്രം സ്വീകരിച്ചിരിക്കുന്നത്. തിരുവനന്തപുരം വിമാനത്താവളത്തിന്റെ നടത്തിപ്പ് സംസ്ഥാന സർക്കാരിന് കൈമാറണമെന്ന ആവശ്യം അവഗണിച്ച് സ്വകാര്യമേഖലയെ ഏൽപ്പിക്കാനാണ് കേന്ദ്രം ശ്രമിച്ചത്. ആരോഗ്യകേന്ദ്രങ്ങളുടെ പേര് ആയുഷ്മാൻ ആരോഗ്യമന്ദിർ എന്ന് മാറ്റണമെന്നും കാരുണ്യ ഇൻഷ്വറൻസിൽനിന്നും കാരുണ്യ എന്ന പേര് മാറ്റണമെന്നുമുള്ള നിർദേശം പാലിച്ചാൽ മാത്രമേ സഹായം ലഭ്യമാകുകയുള്ളൂവെന്ന നിലപാടാണ് കേന്ദ്ര സർക്കാർ ഇപ്പോൾ സ്വീകരിക്കുന്നത്. ക്ഷേമപെൻഷനുകൾ കേന്ദ്രസർക്കാരാണ് നൽകുന്നതെന്ന വ്യാജപ്രചാരണം നടന്നുകൊണ്ടിരിക്കുകയാണ്. കേന്ദ്രത്തിന്റെ വികലമായ നയങ്ങൾക്കെതിരെ

പ്രതികരിക്കാതെ സർക്കാരിനെ വേട്ടയാടുന്ന പ്രതിപക്ഷ സമീപനം ഉപേക്ഷിക്കണം.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: കേന്ദ്രസർക്കാരിന്റെ തെറ്റായ നയങ്ങളാണ് കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമെന്ന് ചൂണ്ടിക്കാണിക്കാൻ പ്രതിപക്ഷം തയ്യാറാകാത്തത് അപലപനീയമാണ്. കേരളത്തിന് ലഭിക്കേണ്ട ന്യായമായ വിഹിതം നേടിയെടുക്കാൻ സർക്കാരിനോടൊപ്പംനിന്ന് പോരാടാൻ പ്രതിപക്ഷം തയ്യാറാകണം. ആധുനിക സൗകര്യങ്ങളുള്ള സ്കൂൾ കെട്ടിടങ്ങൾ, ആശുപത്രികൾ എന്നിവ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ നിയോജകമണ്ഡലങ്ങളിൽ നിർമ്മിച്ചിട്ടും സർക്കാർ ധൂർത്ത് നടത്തുന്നുവെന്ന തരത്തിൽ പ്രതിപക്ഷം ആക്ഷേപം ഉന്നയിക്കുന്നത് അപലപനീയമാണ്. സാമ്പത്തിക പ്രതിസന്ധിക്കിടയിലും ടെക്നോപാർക്കിന്റെ മൂന്ന്, നാല് ഫേസുകളുടെയും സ്മാർട്ട് സിറ്റി എന്നിവയുടെയും പ്രവൃത്തികൾ നടപ്പാക്കുന്നുണ്ട്. ധനകാര്യ കമ്മീഷൻ സംസ്ഥാനത്തുനിന്നും പിരിച്ചെടുക്കുന്ന നികുതി വിഭജിച്ചുനൽകാനുള്ള മാനദണ്ഡം പരിഷ്കരിക്കണമെന്ന് കേരളം ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. സെസ്, സർച്ചാർജ് ഉൾപ്പെടെയുള്ള തുക ഡിവിസിബിൾ പൂളിലേക്ക് മാറ്റാതെ സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതം

വെട്ടിക്കുറയ്ക്കുന്ന കേന്ദ്ര സർക്കാർ നടപടി പ്രതിഷേധാർഹമാണ്. നികുതി പിരിവ് ഊർജ്ജിതമാക്കി തനത് വരുമാനം വർദ്ധിപ്പിച്ച് മുന്നോട്ടുപോകുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: പ്രതിപക്ഷം പൂർണ്ണ സഹകരണം നൽകിയിട്ടും വയനാട് ദുരന്തത്തിന് അർഹമായ കേന്ദ്രവിഹിതം നേടിയെടുക്കാൻ കഴിയാത്തത് സർക്കാർ നിഷ്ക്രിയമായിരിക്കുന്നുവെന്നതിന് തെളിവാണ്. സർക്കാർ സ്വീകരിക്കുന്ന നിലപാടുകൾ ന്യായമായതാണെങ്കിൽ പ്രതിപക്ഷം പൂർണ്ണ പിന്തുണ നൽകുന്നതാണ്. സംസ്ഥാന സർക്കാർ മാച്ചിംഗ് ഗ്രാന്റ് നൽകാത്തതിനാൽ ജൽ ജീവൻ മിഷൻ പോലുള്ള പദ്ധതികൾ നടപ്പാക്കാനാകാതെ നിശ്ചലമായിരിക്കുകയാണ്. അഞ്ചുലക്ഷം രൂപയ്ക്ക് മുകളിലുള്ള ബില്ലുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുകയാണ്. മിഷൻ മോഡുകൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും ബഡ്ജറ്റിൽ അതിനാവശ്യമായ തുക വകയിരുത്തിയിട്ടില്ല. സർക്കാരിന്റെ കെ-ഫോൺ പോലുള്ള പദ്ധതികളെല്ലാം പരാജയമാണ്. കേരളത്തിന്റെ തനത് വരുമാനം വർധിപ്പിക്കുന്നതിനും ദുർവ്യയം ഒഴിവാക്കി വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും സർക്കാർ തയ്യാറാകണം.

<u>ശ്രീ. കെ. ബാബു (നെന്മാറ):</u> കേന്ദ്ര സർക്കാർ കേരളത്തെ സാമ്പത്തികമായി ഞെരുക്കിയിട്ടും ക്ഷേമപെൻഷനുകൾ അടക്കമുള്ള ആനുകൂല്യങ്ങളിൽ ഒരു വെട്ടിക്കുറവും വരുത്തിയിട്ടില്ല. പാലക്കാട് കഞ്ചിക്കോട് കോച്ച് ഫാക്ടറിക്ക് തറക്കല്ല് ഇട്ടതല്ലാതെ മറ്റൊന്നും ചെയ്യാൻ മുൻ യു.ഡി.എഫ്. സർക്കാരിന് സാധിച്ചില്ല. ആരോഗ്യ-വിദ്യാഭ്യാസ രംഗങ്ങളിൽ മികവാർന്ന പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് നടന്നുവരുന്നത്.

പ്രതിപക്ഷനേതാവ് <u>(ശ്രീ. വി. ഡി. സതീശൻ):</u> സംസ്ഥാനം കടുത്ത ധന പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. അഞ്ചുലക്ഷം രൂപയ്ക്ക് മുകളിലുള്ള ബില്ലുകൾക്ക് ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുകയാണ്. ഭരണാനുമതി ലഭിച്ച പദ്ധതികളുടെ അനിവാര്യത പരിശോധിച്ച് മാറ്റിവയ്ക്കുകയോ അടങ്കൽ തുക 50 ശതമാനമായി കുറവ് ചെയ്യുകയോ വേണമെന്ന ഉത്തരവ് സർക്കാരിന്റെ നിവൃത്തികേടിനെയാണ് സൂചിപ്പിക്കുന്നത്. സാമ്പത്തിക വർഷത്തിന്റെ മൂന്നാം പാദമായിട്ടും പ്ലാൻ ഫണ്ടിന്റെ 10 ശതമാനംപോലും ചെലവഴിക്കാൻ വകുപ്പുകൾക്ക് സാധിച്ചിട്ടില്ല. ടാക്സ് അഡ്മിനിസ്ട്രേഷൻ സിസ്റ്റം ഏറ്റവും മോശമായ സംസ്ഥാനമാണ് കേരളം. നികുതി വെട്ടിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാന ഇന്റലിജൻസ് വകുപ്പ്

നടത്തിയ പരിശോധനകളിൽ തുടർനടപടി സ്വീകരിക്കാത്തതുമൂലം കോടിക്കണക്കിന് രൂപയുടെ നഷ്ടമാണുണ്ടായിരിക്കുന്നത്. സർക്കാരിന്റെ പിടിപ്പുകേടുമൂലം നികുതി വെട്ടിപ്പുകാരുടെ പറുദീസയായി കേരളം മാറിയിരിക്കുകയാണ്. റിട്ടേൺ യഥാസമയം സമർപ്പിക്കാതെ സംസ്ഥാനത്തിന് അർഹതപ്പെട്ട ഐ.ജി.എസ്.ടി. വിഹിതം നഷ്ടപ്പെടുത്തുകയാണ് ചെയ്യുന്നത്. പാരലൽ ഇക്കോണമിയുടെ വളർച്ചയും സ്വർണ്ണം, ബാർ എന്നിവയിൽനിന്നുള്ള നികുതി നഷ്ടവും തടയുന്നതിന് സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. നികുതി നഷ്ടം സംബന്ധിച്ച് കൃത്യമായ പരിശോധന നടത്തി ഡാറ്റ തയ്യാറാക്കുന്നതിൽ സർക്കാർ പൂർണ്ണ പരാജയമാണ്. സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ സർക്കാർ സേവനങ്ങളുടെ നിരക്ക് വർധിപ്പിച്ചത് ജനജീവിതം ദുസ്സഹമാക്കിയിരിക്കുകയാണ്. ധനപ്രതിസന്ധി പൊതുജനാരോഗ്യം, വിദ്യാഭ്യാസം ഉൾപ്പെടെയുള്ള സമസ്തമേഖലകളുടെയും വികസനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് അർഹതപ്പെട്ട വിഹിതം നിഷേധിക്കുന്ന കേന്ദ്രനിലപാടിനെതിരെ പ്രതിപക്ഷം ശക്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. ധനമാനേജ്മെന്റിലെ പരാജയം മറച്ചുവയ്ക്കാൻ കേന്ദ്രഗവൺമെന്റിൽ പഴിചാരുകയാണ് സർക്കാർ ചെയ്യുന്നത്. കണ്ണൂർ

എ.ഡി.എം. ആത്മഹത്യ ചെയ്തതിന് ഉത്തരവാദികളായവർക്കെതിരെ കേസെടുക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): കേരളത്തിന്റെ ധനസ്ഥിതി സംബന്ധിച്ച് പൊതുസമൂഹത്തിൽ ആശങ്ക സൃഷ്ടിക്കുന്ന തരത്തിലുള്ള പ്രചാരണമാണ് കേന്ദ്ര ഗവൺമെന്റും പ്രതിപക്ഷവും നടത്തുന്നത്. സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായ ദീർഘവീക്ഷണമില്ലാത്ത നിലപാടാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. സംസ്ഥാനത്തിന്റെ തനത് വരുമാനത്തിലും, നികുതി, നികുതിയേതര വരുമാനത്തിലും വലിയ വർധനവുണ്ടാക്കാനും റവന്യൂ കമ്മി, ധനകമ്മി, സംസ്ഥാനത്തിന്റെ പൊതുകടം എന്നിവ കുറയ്ക്കാനും സാധിച്ചിട്ടുണ്ട്. അർഹമായ കേന്ദ്രവിഹിതം വെട്ടിക്കുറച്ച് കടുത്ത സാമ്പത്തിക അവഗണനയാണ് കേന്ദ്രസർക്കാർ കേരളത്തോട് കാണിക്കുന്നത്. സംസ്ഥാനത്ത് വിലക്കയറ്റം പിടിച്ചുനിർത്താനും നിത്യോപയോഗ സാധനങ്ങൾ സുലഭമായി ലഭ്യമാക്കാനും സർക്കാർ ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെയും ദേശീയ അന്തർദേശീയ ഏജൻസികളുടെയും റിപ്പോർട്ടുകളിൽ പല മേഖലകളിലും കേരളം ഒന്നാം സ്ഥാനത്താണ്. കേരളത്തിൽനിന്ന് അതിദാരിദ്ര്യം തുടച്ചുനീക്കുന്നതിനുള്ള

പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കിവരികയാണ്. മാതൃ-ശിശുമരണ നിരക്കുകൾ ഏറ്റവും കുറവുള്ള സംസ്ഥാനം കേരളമാണ്.

(കണ്ണൂർ എ.ഡി.എം.-ന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട വിഷയത്തിൽ മറുപടി പറയാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഡയസിനുമുന്നിൽ വന്നുനിന്ന് ബഹളം വയ്ക്കുകയും തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിക്കുകയും ചെയ്തു.)

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: പ്രതിപക്ഷം സഭ ബഹിഷ്കരിച്ചത് അങ്ങേയറ്റം ദൗർഭാഗ്യകരമാണ്. സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്ര വിഹിതം കിഫ്ബിയുടെയും പെൻഷൻ കമ്പനിയുടെയും പേരിൽ വെട്ടിക്കുറയ്ക്കുന്ന നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. കേരളത്തിന് അർഹതപ്പെട്ട വിഹിതം ലഭ്യമാക്കാത്ത കേന്ദ്ര ഗവൺമെന്റ് സമീപനത്തിനെതിരെ പ്രതിപക്ഷം യാതൊരു പരാമർശവും നടത്താത്തത് ഖേദകരമാണ്. സംസ്ഥാനത്ത് എല്ലാ മേഖലകളിലും ചെലവ് വർധിച്ചിട്ടുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിലും ശമ്പളപരിഷ്കരണം നടപ്പിലാക്കുകയും സാമൂഹ്യക്ഷേമ പെൻഷൻ വർധിപ്പിക്കുകയും ചെയ്തു. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളമുൾപ്പെടെ നൽകുന്നതിനായി പ്രതിമാസം 50

കോടിയോളം രൂപ സർക്കാർ നൽകുന്നുണ്ട്. രാജ്യത്ത് ഏറ്റവും കൂടുതൽ പി.എസ്.സി. നിയമനങ്ങൾ നടന്നിട്ടുള്ളത് കേരളത്തിലാണ്. വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ തുക ചെലവഴിക്കുന്നതിന് സർക്കാർ മുൻതൂക്കം നൽകുന്നുണ്ട്. കിഫ്ബിവഴി മൂന്നുവർഷത്തിനുള്ളിൽ 19000 കോടിയിലധികം രൂപയുടെ പ്രോജക്ടുകൾ ഏറ്റെടുക്കുകയും റോഡ്, നാഷണൽ ഹൈവേ, റെയിൽവേ തുടങ്ങിയവയ്ക്കായി 20000 കോടിയിലധികം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വ്യവസായ ഇടനാഴികൾക്കുവേണ്ടി 13000 കോടി രൂപയാണ് ചെലവാക്കുന്നത്. നികുതി വരുമാനം വർധിപ്പിക്കാനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്.

കേരളത്തിന് അർഹമായ ജി.എസ്.ടി. കോമ്പൻസേഷൻ നൽകാത്ത കേന്ദ്ര ഗവൺമെന്റ് നിലപാട് പ്രതിഷേധാർഹമാണ്. സംസ്ഥാനത്ത് വൻകിട വ്യാപാര സ്ഥാപനങ്ങൾക്ക് ഇ-വേ ബിൽ നിർബന്ധമാക്കി നികുതി പിരിവിൽ വർധനവുണ്ടാക്കാനും മികച്ച രീതിയിലുള്ള ഓഡിറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്താനും സാധിച്ചു. വർക്ക് നിയർ ഹോം സംവിധാനത്തിലൂടെ വിദേശ രാജ്യങ്ങളിൽ ജോലി ചെയ്തിരുന്ന ചെറുപ്പക്കാരെ സംസ്ഥാനത്തേയ്ക്ക് തിരിച്ചുകൊണ്ടുവരാനും കോൺട്രാക്ടർമാർക്ക് ബിൽ ഡിസ്കൗണ്ട് സിസ്റ്റം ഏർപ്പെടുത്തി ബില്ലുകൾ സമയബന്ധിതമായി മാറിനൽകാനും സാധിച്ചു.

ഇടതുപക്ഷ ഭരണത്തിൻകീഴിൽ സമാനതകളില്ലാത്ത വികസന പ്രവർത്തനങ്ങൾക്കാണ് കേരളം സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): കണ്ണൂർ എ.ഡി.എം. നവീൻ ബാബുവിന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട വിഷയത്തിൽ അടിയന്തര റിപ്പോർട്ട് ലഭ്യമാക്കാൻ കണ്ണൂർ ജില്ലാകളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ സമഗ്രമായ അന്വേഷണം നടത്തുന്നതാണ് കുറ്റക്കാരെ സംരക്ഷിക്കുന്ന നിലപാട് സ്വീകരിക്കില്ല.

ഉപക്ഷേപം സഭ നിരാകരിച്ചു.

## VII നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപവും അനന്തരഘട്ടങ്ങളും

(i) 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ബില്ലിന് വിയോജനക്കുറിപ്പ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ വിയോജിപ്പ് രേഖപ്പെടുത്തിയില്ല.

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

രണ്ടാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

124. പ്രധാന ആക്റ്റിലെ 2-ാം വകുപ്പിലെ ഖണ്ഡം (കെ) താഴെപ്പറയുംപ്രകാരം മാറ്റുക.

“ (കെ) “ രജിസ്റ്റർ” എന്നാൽ രജിസ്റ്റർ ചെയ്യപ്പെട്ട ക്ലിനിക്കൽ സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയതും ഈ ആക്റ്റിന്റെ 12-ാം വകുപ്പ്

(1)-ാം ഉപവകുപ്പ് പ്രകാരം കൗൺസിൽ വച്ചുപോരുന്നതും പ്രസിദ്ധപ്പെടുത്തിയതുമായ സംസ്ഥാന രജിസ്റ്റർ എന്നർത്ഥമാകുന്നു;"

130, 134, 138 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

140-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

140. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 3(2)(എച്ച്)-ൽ " തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ പ്രാക്റ്റീഷണേഴ്സ്" എന്നതിന് പകരം "തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ പ്രാക്റ്റീഷനേഴ്സ്" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

148, 150, 152, 153, 163 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

150. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1)(ഡി)-ൽ "മെഡിക്കൽ ഓഫീസർ" എന്നതിന് ശേഷം ", എക്സ്-ഒഫിഷ്യോ" എന്ന ചിഹ്നവും വാക്കും ചേർക്കുക.

152. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1)(ഇ)-ൽ "മെഡിക്കൽ ഓഫീസർ" എന്നതിന് ശേഷം ", എക്സ്-ഒഫിഷ്യോ" എന്ന ചിഹ്നവും വാക്കും ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15 (ഇ)-ൽ "നിശ്ചയിച്ചുകൊണ്ടുള്ള" എന്ന വാക്കിനുപകരം "നിശ്ചയിച്ചുകൊണ്ട് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന" എന്നീ വാക്കുകൾ ചേർക്കുക.

166, 174, 177, 179, 192 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു. മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

166. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(ഇ)-ൽ "നിലവാരം പുലർത്തുന്ന" എന്നത് ഒഴിവാക്കുക.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ആറാം വകുപ്പ്</u>

205-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഏഴാം വകുപ്പ്</u>

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല)

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എട്ടാം വകുപ്പ്</u>

210-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

111-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് പൂർണ്ണതോതിൽ നടപ്പാക്കുന്നതിനായാണ് ഭേദഗതി ബിൽ കൊണ്ടുവന്നിട്ടുള്ളത്. മെഡിക്കൽ കോളേജുകളിലെ ഒ.പി. പരിവർത്തനം പൂർത്തീകരിക്കുകയും ജില്ലാ, താലൂക്ക് ആശുപത്രികളിലെ ഒ.പി. പരിവർത്തനം പുരോഗമിച്ചുവരികയുമാണ്. സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളായും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായും ഉയർത്തുന്ന പദ്ധതിയും നടന്നുവരുന്നു. കിഫ്ബി മുഖേന പത്തോളം ആശുപത്രികളുടെ നിർമ്മാണം പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ട്. പൊതുജനാരോഗ്യ പ്രവർത്തനങ്ങളെ കാലഘട്ടത്തിനനുസൃതമായി പുന:ക്രമീകരിക്കുകയും ശാക്തീകരിക്കുകയും

ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയും അതിനുവേണ്ടി നിയമങ്ങൾ പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ, നഴ്സിംഗ്, പാരാമെഡിക്കൽ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ചും സ്പെഷ്യാലിറ്റി കോഴ്സുകൾ അനുവദിച്ചും മെഡിക്കൽ വിദ്യാഭ്യാസം മെച്ചപ്പെടുത്താനുള്ള ശ്രമങ്ങൾ നടത്തിവരികയാണ്. ആശുപത്രികളിൽ ഓൺലൈൻ അപ്പോയിന്റ്മെന്റ്, ഓൺലൈൻ പേമെന്റ് സംവിധാനങ്ങൾ ഏർപ്പെടുത്തിയും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗപ്പെടുത്തിയും ആരോഗ്യ മേഖല ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കാൻസർ രോഗികൾക്ക് കാരുണ്യ സ്പർശം പദ്ധതിയിലൂടെ മരുന്നുകൾ ലഭ്യമാക്കുന്ന മാതൃകയിൽ മാനസികാരോഗ്യത്തിനുള്ള മരുന്നുകളും ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനം കേരളമാണെന്നതും ശ്രദ്ധേയമാണ്.

നിയമ ഭേദഗതിയിലൂടെ ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കേണ്ട കാലാവധി കേന്ദ്ര നിയമത്തിനനുസൃതമായി അഞ്ച് വർഷമാക്കുകയും ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിനിലെയും ഹോമിയോപ്പതിക് സിസ്റ്റംസ് ഓഫ് മെഡിസിനിലെയും ഓരോ ജില്ലാ മെഡിക്കൽ ഓഫീസർമാരെ ഡിസ്ട്രിക്റ്റ് കമ്മിറ്റികളിലുൾപ്പെടുത്താനുമാണ്

ലക്ഷ്യമിടുന്നത്. ക്ലിനിക്കൽ സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും വ്യാജഡോക്ടർമാരെയടക്കം നിയമത്തിന്റെ പരിധിയിൽകൊണ്ടുവരുന്നതിനുമായാണ് ഭേദഗതി ബിൽ കൊണ്ടുവന്നിട്ടുള്ളത്.

2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## (ii) 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ

## (iii) 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബില്ലും 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ബില്ലുകൾക്ക് വിയോജനക്കുറിപ്പ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ വിയോജിപ്പ് രേഖപ്പെടുത്തിയില്ല.

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബില്ലും 2024-ലെ കേരള സൂക്ഷമ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും

സുഗമമാക്കൽ (ഭേദഗതി) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

## (ii)2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ

### രണ്ടാം വകുപ്പ്

140, 149 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി ഭേദഗതിയോടെ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

143. ഖണ്ഡം 2(i)-ൽ "ഉപനിയമം" എന്ന പദം എവിടെയെല്ലാം വരുന്നുവോ അവിടെയെല്ലാം "ബൈലോ" എന്ന പദം തദനുസൃതമായി അതിനുപകരം ചേർക്കേണ്ടതാണ്.

155. ഖണ്ഡം 2(ii)-ൽ "വ്യവസായ സംരംഭം" എന്ന പദങ്ങൾ എവിടെയെല്ലാം വരുന്നുവോ അവിടെയെല്ലാം "വ്യവസായസ്ഥാപനം" എന്ന പദം തദനുസൃതമായി അതിനുപകരം ചേർക്കേണ്ടതാണ്.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

169, 171 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

171-ാം നമ്പർ ഭേദഗതി മന്ത്രി ഭേദഗതിയോടെ സ്വീകരിച്ചു.

171. ഖണ്ഡം 3 താഴെപ്പറയും പ്രകാരം മാറ്റുക.

“ 3. 2-ാം വകുപ്പിന്റെ ഭേദഗതി.- പ്രധാന ആക്റ്റിലെ 2-ാം വകുപ്പിൽ, (എ) ഖണ്ഡത്തിൽ " വ്യവസായസ്ഥാപനങ്ങൾ " എന്ന വാക്കിന് പകരം " വ്യവസായസ്ഥാപനം " എന്ന വാക്ക് ചേർക്കേണ്ടതാണ്.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

169-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

180, 182, 184, 188, 192, 204, 206, 208, 213 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അഞ്ചാം വകുപ്പ്</u>

225, 226, 235 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ആറാം വകുപ്പ്</u>

240-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഏഴാം വകുപ്പ്</u>

259, 262, 263, 274, 277 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എട്ടാം വകുപ്പ്</u>

286-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒമ്പതാം വകുപ്പ്</u>

288, 295 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

132, 134 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): വ്യവസായ സൗഹൃദാന്തരീക്ഷം ശക്തിപ്പെടുത്തുന്നതിന് സഹായകരമായ ഭേദഗതികളാണ് കൊണ്ടുവന്നിട്ടുള്ളത്. ഒരു വർഷത്തിനുള്ളിൽ 30 വ്യവസായ പാർക്കുകൾ ആരംഭിക്കാനുള്ള അനുമതി നൽകിയിട്ടുണ്ട്. ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡുകൾക്ക് 15 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള

വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും അധികാരം നൽകുന്നതിനും പ്രൈവറ്റ് ഇൻഡസ്ട്രിയൽ പാർക്കുകളുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ വ്യവസായ പ്രദേശ ബോർഡുകളിൽ പ്രത്യേക ക്ഷണിതാവായി ഉൾപ്പെടുത്തുന്നതിനുമുള്ള വ്യവസ്ഥകളാണ് ഭേദഗതി ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(iii) <u>2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ</u>.

<u>രണ്ടാം വകുപ്പ്</u>

146, 148, 158 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

(ii)- ഇനം പ്രകാരം പ്രധാന ആക്റ്റിലെ 6-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിന് പകരം ചേർക്കാനുദ്ദേശിക്കുന്ന ഉപവകുപ്പിൽ "ആവശ്യമായ അംഗീകാരങ്ങൾ" എന്ന വാക്കുകൾക്കുശേഷം "ബന്ധപ്പെട്ട നിയമങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

159, 161, 179, 201, 205, 215, 240, 241, 244, 247, 264, 266 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

175. ഖണ്ഡം 3 (ii) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 (1)-ൽ, " 5-ാം വകുപ്പ് പ്രകാരം " എന്നതിന് പകരം " 5-ാം വകുപ്പ് 3-ാം ഉപവകുപ്പ് പ്രകാരം" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

179. ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)-ൽ “ നൽകിയ” എന്നതിന് ശേഷം വരുന്ന “ ഒരു” എന്നത് ഒഴിവാക്കുക.

201. ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)-ൽ "ആറുമാസവുമായ” എന്നതിന് ശേഷം വരുന്ന "ഒരു" എന്നത് ഒഴിവാക്കുക.

240. ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ, “ സംരംക്ഷണ” എന്നതിന് പകരം “ സംരക്ഷണ” എന്ന് ചേർക്കുക.

241. ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ “ വിരുദ്ധമായും” എന്നതിന് പകരം “ വിരുദ്ധമായോ” എന്ന് ചേർക്കുക.

244. ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ “ വ്യതിചലിച്ചുകൊണ്ടും” എന്നതിന് പകരം “ വ്യതിചലിച്ചുകൊണ്ടോ” എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

275, 277, 283 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

115, 139 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

109. പീഠികയിൽ " ഇതിനു ശേഷം" എന്നതിന് പകരം "ഇതിനുശേഷം" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ ചില അംഗീകാരങ്ങളിൽനിന്നും പരിശോധനകളിൽനിന്നും പ്രസ്തുത വ്യവസായ സ്ഥാപനങ്ങളെ ഒഴിവാക്കുന്നതിനും ഇതര വ്യവസായ സ്ഥാപനങ്ങൾക്ക്

സമയബന്ധിതമായി അംഗീകാരം നൽകുന്നതിനുംവേണ്ടി കൊണ്ടുവന്ന ഈ ആക്റ്റിലെ " കൈപ്പറ്റ് സാക്ഷ്യപത്രം" എന്നത് " തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം" എന്ന് ഭേദഗതി ചെയ്യുന്നതിനും പ്രസ്തുത സാക്ഷ്യപത്രത്തിന്റെ പ്രാബല്യം അത് നൽകിയ തീയതി മുതൽ മൂന്ന് വർഷവും ആറ് മാസവുമാക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതാണ് ഈ ഭേദഗതി ബിൽ. ഇത്തരത്തിൽ സാക്ഷ്യപത്രം ലഭിക്കുന്ന സ്ഥാപനങ്ങളിൽ ആവശ്യമെങ്കിൽ നിയമപ്രകാരമുള്ള പരിശോധന നടത്താവുന്നതുമാണ്.

2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## VIII കാര്യോപദേശക സമിതി റിപ്പോർട്ടിലെ ശിപാർശകൾ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): 2024-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ ഇന്ന് പരിഗണിക്കുന്നതിലേക്കായി 2024 ഒക്ടോബർ 7-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ 14-ാമത് റിപ്പോർട്ട് ഭാഗികമായി ഭേദഗതി ചെയ്യണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഉപക്ഷേപം സഭ അംഗീകരിച്ചു.

## IX ചട്ടം സസ്പെൻഡ് ചെയ്യുന്നത് സംബന്ധിച്ച്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): "സഭ മുമ്പാകെ അവതരിപ്പിക്കുന്ന 2024-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ അവതരണത്തിനുശേഷം ഇന്നുതന്നെ പരിഗണനയ്ക്കെടുക്കുന്നതിലേക്കായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 69 (5), 76 (1) എന്നിവയിലെ വ്യവസ്ഥകൾ താൽക്കാലികമായി സസ്പെൻഡ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു " എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഉപക്ഷേപം സഭ അംഗീകരിച്ചു.

നിയമനിർമ്മാണ കാര്യം - തുടർച്ച

2024-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2024-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള ചട്ടം 75 (1) പ്രകാരമുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2024-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): കേന്ദ്ര ജി.എസ്.ടി. കൗൺസിൽ അംഗീകരിച്ച ഭേദഗതികൾ സംസ്ഥാന സർക്കാർ ബില്ലാക്കി പാസ്സാക്കുകയാണ് ചെയ്യുന്നത്. നിയമസഭ ചേരുന്നതിന്

തൊട്ടുമുമ്പത്തെ ദിവസമാണ് ഓർഡിനൻസ് പുറപ്പെടുവിക്കേണ്ടിവന്നത്. പൊതുവെ വാണിജ്യ മേഖലയിലുള്ളവർക്ക് സഹായകരമായ ബില്ലാണിത്.

2024-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ട് മുതൽ അഞ്ച് വരെയുള്ള വകുപ്പുകൾ</u>

(ഭേദഗതിയില്ല)

രണ്ട് മുതൽ അഞ്ച് വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ട് മുതൽ അഞ്ച് വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2024-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2024-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## X റൂളിംഗ്

### ക്രമപ്രകാരമല്ലാതെ സബ്മിഷൻ അനുവദിച്ചത് സംബന്ധിച്ച്

മി. സ്പീക്കർ: ഇന്ന് ചട്ടം 304 പ്രകാരം ശ്രീ. വി. ജോയി സബ്മിഷൻ ഉന്നയിച്ചിരുന്നു. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട ഓൺലൈൻ ബുക്കിംഗ് സംബന്ധിച്ച ഈ വിഷയം 09-10-2024-ൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും സബ്മിഷനായി ഉന്നയിച്ചിരുന്നു. ഇതുസംബന്ധിച്ച ക്രമപ്രശ്നമാണ് പ്രതിപക്ഷ നേതാവ് സഭയിൽ ചൂണ്ടിക്കാണിച്ചത്. പൊതു സമൂഹത്തിൽ ഏറെ ചർച്ച ചെയ്യപ്പെടുന്ന വിഷയമെന്ന നിലയിൽ സദുദ്ദേശ്യത്തോടെയാണ് അത്തരമൊരു ഘട്ടത്തിൽ ചെയർ സബ്മിഷന്

അനുമതി നൽകിയത്. നേരത്തെയും ഇത്തരം സമീപനമാണ് ഓരോ ഘട്ടത്തിലും ചെയർ സ്വീകരിച്ചിട്ടുള്ളത്. പക്ഷേ നിയമസഭാ സെക്രട്ടേറിയറ്റിനെതിരെയും ചെയറിനെതിരെയും അനുചിതമായ പ്രസ്താവനയാണ് പ്രതിപക്ഷ നേതാവ് സഭയിൽ നടത്തിയത്. അത്തരം ആക്ഷേപങ്ങൾ സഭയ്ക്കകത്ത് നടത്തിയെന്നു മാത്രമല്ല സഭയ്ക്ക് പുറത്തും ഇത്തരം പരാമർശങ്ങൾ അദ്ദേഹം ആവർത്തിക്കുകയുമുണ്ടായി. ഇത്തരം രീതി അനുചിതമാണ്. ഭാവിയിൽ ചെയറിനെതിരെ പത്രക്കാരോട് ഇത്തരം പരാമർശങ്ങൾ നടത്തുന്ന രീതി ശരിയല്ലെന്ന കാര്യം ഈ ഘട്ടത്തിൽ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്.

## XI അവകാശലംഘന പ്രശ്നങ്ങൾ

1. <u>പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ പരിശോധനക്കായി റഫർ ചെയ്തിട്ടുള്ളത്.</u>

<u>മി. സ്പീക്കർ</u>: ശ്രീ. പി. വി. അൻവർ, എം.എൽ.എ.യുടെ ഇരിപ്പിടമാറ്റം സംബന്ധിച്ച് സഭാധ്യക്ഷന്റെ തീരുമാനത്തെ പരസ്യമായി മുഖ്യധാരാ മാധ്യമങ്ങളിലൂടെ വിമർശിക്കുകയും അധിക്ഷേപിക്കുകയും ചെയ്ത അംഗത്തിനെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. എം. സച്ചിൻദേവ്, എം.എൽ.എ. സമർപ്പിച്ച പരാതി പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് റഫർ ചെയ്യുന്നു.

2. <u>അനുമതി നിഷേധിച്ചവ</u>

ശ്രീ. എ. പി. അനിൽ കുമാർ എം.എൽ.എ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, സംസ്ഥാന പോലീസ് മേധാവി എന്നിവർക്കെതിരെ നൽകിയ അവകാശലംഘന നോട്ടീസിന് അനുമതി നിഷേധിച്ചു.

3. <u>ചെയറിന്റെ പരിഗണനയിലുള്ളവ</u>

വൈക്കത്ത് വഴിയോരക്കച്ചവടക്കാരെ ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടായ സംഘർഷത്തിൽ അറസ്റ്റിലായ തൊഴിലാളികളെയും നേതാക്കളെയും ജാമ്യത്തിലെടുക്കാനായി സ്റ്റേഷനിലെത്തിയ തന്നോട് അപമര്യാദയായി പെരുമാറിയതുസംബന്ധിച്ച് ശ്രീമതി സി. കെ. ആശ, എം.എൽ.എ. നൽകിയ നോട്ടീസ് ചെയറിന്റെ പരിഗണനയിലാണ്.

## XII ഉപക്ഷേപം

<u>സഭ അനിശ്ചിതകാലത്തേക്ക് പിരിയുന്നത് സംബന്ധിച്ച്</u>

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): 'സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ

അനിശ്ചിതകാലത്തേക്ക് പിരിയാവുന്നതാണ് എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഉപക്ഷേപം സഭ അംഗീകരിച്ചു.

പതിനഞ്ചാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിൽ പരിഗണിച്ച വിഷയങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ സംക്ഷിപ്ത വിവരണം നടത്തുകയും സമ്മേളനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ മൂന്നാം പതിപ്പ് 2025 ജനുവരി ആദ്യവാരം സംഘടിപ്പിക്കാൻ തീരുമാനിച്ചതായി അറിയിക്കുകയും ക്രിസ്മസ്-പുതുവൽസര ആശംസകൾ നേരുകയും ചെയ്തു.

സഭ ദേശീയഗാനാലാപനത്തോടെ വൈകുന്നേരം 4.10-ന് അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു.

**********